| 25 | 26 | അതിദരിദ്രരുടെ മൈക്രോപ്ലാൻ പ്രകാരമുള്ള പദ്ധതികൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | പൊതുവി ഭാഗം | ഉല്പാദനം | പുതിയത് | 163000 | 55000 | തുടരുന്നു |
| 26 | 27 | പിഎംഎവൈജി ഭവന പദ്ധതി എസ്സി | പട്ടിക ജാതി വിഭാഗം | സേവനം | പുതിയത് | 12760000 | 1611000 | തുടരുന്നു |
| 27 | 28 | അസിസ്ററൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് കാര്യാലയത്തിലെ ചെലവുകൾ | പൊതുവി ഭാഗം | സേവനം | പുതിയത് | 150000 | 71699 | തുടരുന്നു |
| 28 | 29 | മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ ഐഎസ്ഒ സർട്ടിഫിക്കേഷൻ പുതുക്കൽ | പൊതുവി ഭാഗം | സേവനം | പുതിയത് | 50000 | 0 | പൂർത്തീകരിച്ചു |
| 29 | 30 | പട്ടികജാതി വികസന ഓഫീസറുടെ കാര്യാലയത്തിലെ ഓഫീസ് ചെലവ് | പൊതുവി ഭാഗം | സേവനം | പുതിയത് | 50000 | 28621 | തുടരുന്നു |
| 30 | 31 | പട്ടികജാതി വികസന ഓഫീസറുടെ കാര്യാലയത്തിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | പൊതുവി ഭാഗം | സേവനം | പുതിയത് | 200000 | 120570 | തുടരുന്നു |
| 31 | 34 | സിഎച്ച്സിയിൽ സോളാർവൽക്കരണം രണ്ടാം ഘട്ടം | പൊതുവി ഭാഗം | സേവനം | പുതിയത് | 3025000 | 0 | തുടരുന്നു |
| 32 | 35 | ഓഫീസ് കാര്യലയത്തിൽ ഫർണിച്ചർ അനുബന്ധ സൗകര്യങ്ങൾ എന്നിവ ഒരുക്കൽ | പൊതുവി ഭാഗം | പശ്ചാത്ത ലം | പുതിയത് | 40000 | 37694 | പൂർത്തീകരിച്ചു |
| 33 | 40 | മണച്ചാൽ ബ്രിഡ്ജ് സൌന്ദര്യവത്ക്കണം - എളവള്ളി പഞ്ചായത്തിന് വിഹിതം നൽകൽ | പൊതുവി ഭാഗം | പശ്ചാത്ത ലം | പുതിയത് | 1000000 | 0 | തുടരുന്നു |
| 34 | 43 | കോൺഫറൻസ് ഹാളിലേക്ക് ഫർണീച്ചർ വാങ്ങലും അനുബന്ധ സൌകര്യങ്ങൾ ഏർപ്പെടുത്തലും | പൊതുവി ഭാഗം | പശ്ചാത്ത ലം | പുതിയത് | 300000 | 182490 | തുടരുന്നു |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 35 | 46 | കുമ്പുള്ളി ഇടിയഞ്ചിറ തെക്ക് ഭാഗം കെ എൽ ഡി സി കനാൽ ബണ്ട് റോഡ് സൌന്ദര്യവത്ക്കരണം | പൊതുവി ഭാഗം | സേവനം | പുതിയത് | 1063000 | 0 | തുടരുന്നു |
| 36 | 48 | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ | പൊതുവി ഭാഗം | പശ്ചാത്തലം | പുതിയത് | 432000 | 71100 | തുടരുന്നു |
| 37 | 49 | മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് - വനിത ജനറൽ ഗ്രൂപ്പിന് സംരംഭം ആരംഭിക്കുന്നതിന് ധനസഹായം നല്കൽ | പൊതുവി ഭാഗം | ഉല്പാദനം | പുതിയത് | 375000 | 0 | തുടരുന്നു |
| 38 | 50 | മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് - എസ് സി വനിതാ ഗ്രൂപ്പിന് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ധനസഹായം നൽകൽ | പട്ടികജാതി വിഭാഗം | ഉല്പാദനം | പുതിയത് | 375000 | 0 | തുടരുന്നു |
| 39 | 51 | പതിനാലാം പഞ്ചവത്സര പദ്ധതി - മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് വികസന പ്രവർത്തനങ്ങളുടെ ഡോക്യുമെൻറേഷൻ - 2025-26 | പൊതുവി ഭാഗം | സേവനം | പുതിയത് | 100000 | 100000 | പൂർത്തീകരിച്ചു |
| 40 | 52 | ബ്ലോക്ക് പഞ്ചായത്ത് പുതിയ കെട്ടിടം നിർമ്മാണം -ഡി പി ആർ തയ്യാറാക്കൽ | പൊതുവി ഭാഗം | സേവനം | പുതിയത് | 750000 | 0 | തുടരുന്നു |
| 41 | 54 | സമേതം -ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ | പൊതുവി ഭാഗം | സേവനം | പുതിയത് | 100000 | 0 | തുടരുന്നു |
| 42 | 55 | എ ബി സി - ജില്ലാ പഞ്ചായത്തിന് തുക നല്കൽ | പൊതുവി ഭാഗം | ഉല്പാദനം | പുതിയത് | 200000 | 0 | തുടരുന്നു |
| 43 | 56 | വിജ്ഞാന- തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് തുക നല്കൽ | പൊതുവി ഭാഗം | ഉല്പാദനം | പുതിയത് | 200000 | 0 | തുടരുന്നു |
| 44 | 57 | വിമുക്തി- ബ്ലോക്ക് തല ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ | പൊതുവി ഭാഗം | സേവനം | പുതിയത് | 50000 | 0 | തുടരുന്നു |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 45 | 59 | അസിസ്റ്റൻറ് എക്സി എഞ്ചിനീയരുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ | പൊതു വിഭാഗം | പശ്ചാത്തലം | സ്പിൽ ഓവർ | 286903 | 242423 | തുടരുന്നു |
| 46 | 60 | വാക കളിസ്ഥലം നവീകരണം | പൊതുവി ഭാഗം | സേവനം | സ്പിൽ ഓവർ | 317246 | 0 | തുടരുന്നു |
| 47 | 61 | ഘടകസ്ഥാപങ്ങളുടെ മെയ്ന്റനൻസും ചുറ്റമതിൽ നവീകരണവും | പൊതുവി ഭാഗം | പശ്ചാത്തലം | സ്പിൽ ഓവർ | 1616480 | 1076548 | തുടരുന്നു |
| 48 | 62 | സി എച്ച് സി യിൽ അറ്റകുറ്റപണി 2023- 24 | പൊതുവി ഭാഗം | സേവനം | സ്പിൽ ഓവർ | 150000 | 147031 | പൂർത്തീകരിച്ചു |
| 49 | 64 | സി എച്ച് സി യിൽ അറ്റകുറ്റപണി 2024-25 | പൊതുവി ഭാഗം | സേവനം | സ്പിൽ ഓവർ | 381470 | 320905 | തുടരുന്നു |
| 50 | 65 | സിഎച്ച്സി റിവയറിംഗ് | പൊതുവി ഭാഗം | സേവനം | സ്പിൽ ഓവർ | 478000 | 442246 | തുടരുന്നു |
| 51 | 66 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കുള്ള കോൺഫറൻസ്ഹാൾ നവീകരണം | പൊതുവി ഭാഗം | പശ്ചാത്തലം | സ്പിൽ ഓവർ | 104096 | 83465 | പൂർത്തീകരിച്ചു |
| 52 | 67 | വടക്കേ കോഞ്ചിറ പാട ശേഖരത്തിൽമോട്ടോർ ഷെഡ് നിർമ്മാണം-പൂർത്തീകരണം | പൊതുവി ഭാഗം | ഉല്പാദനം | സ്പിൽ ഓവർ | 261720 | 201782 | പൂർത്തീകരിച്ചു |
| 53 | 68 | കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ നവീകരണം | പൊതുവി ഭാഗം | സേവനം | പുതിയത് | 1713156 | 1198118 | തുടരുന്നു |
| 54 | 69 | പുളിഞ്ചേരി റോഡ് കൽവെർട്ട് നിർമ്മാണം പാവറട്ടി പഞ്ചായത്ത് | പൊതുവി ഭാഗം | പശ്ചാത്തലം | പുതിയത് | 520000 | 450000 | പൂർത്തീകരിച്ചു |
| 55 | 70 | മുല്ലശ്ശേരി സി എച്ച് സിയിൽ ദന്തരോഗ വിഭാഗം സജ്ജീകരിക്കൽ | പൊതുവി ഭാഗം | സേവനം | സ്പിൽ ഓവർ | 505946 | 23520 | തുടരുന്നു |
| 56 | 71 | സി എച്ച് സി മുല്ലശ്ശേരിയിലെ ഐ എസ് ഒ സർട്ടിഫിക്കേഷൻ പുതുക്കൽ | പൊതുവി ഭാഗം | സേവനം | സ്പിൽ ഓവർ | 100000 | 0 | തുടരുന്നു |
| 57 | 72 | കാൻ തൃശ്ശൂർ | പൊതുവി ഭാഗം | സേവനം | സ്പിൽ ഓവർ | 100000 | 7541 | തുടരുന്നു |
| 58 | 73 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | പട്ടികജാതി വിഭാഗം | സേവനം | സ്പിൽ ഓവർ | 300000 | 210000 | തുടരുന്നു |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 59 | 74 | പഞ്ചായത്ത് ഗ്രൗണ്ട് നിർമ്മിക്കുന്നതിന് വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറൽ | പൊതുവി ഭാഗം | സേവനം | സ്പിൽ ഓവർ | 500000 | 500000 | പൂർത്തീകരിച്ചു |
| 60 | 75 | വനിതാ വിപണന കേന്ദ്രത്തിൽ മീറ്റർ ബോർഡ് മാറ്റി സ്ഥാപിക്കൽ | പൊതുവി ഭാഗം | പശ്ചാത്ത ലം | സ്പിൽ ഓവർ | 70000 | 57381 | പൂർത്തീകരിച്ചു |
| 61 | 77 | മണച്ചാൽ ടൂറിസം ഡസ്റ്റിനേഷൻ ചലഞ്ച് - കുട്ടികൾ എളവള്ളി പഞ്ചായത്തിന് തുക കൈമാറൽ | പൊതുവി ഭാഗം | സേവനം | സ്പിൽ ഓവർ | 94755 | 0 | തുടരുന്നു |
| 62 | 78 | ഏനാമാക്കൽ നെഹ്റു പാർക്ക് പാടൂർ എഫ്എച്ച്സി എളവള്ളി എഫ് എച് സി പൂവത്തൂർ ബസ് സ്റ്റാന്റ് എന്നിവിടങ്ങളിൽ വാട്ടർകിയോസ്ക് സ്ഥാപിക്കൽ | പൊതുവി ഭാഗം | സേവനം | സ്പിൽ ഓവർ | 506500 | 465000 | പൂർത്തീകരിച്ചു |
| 63 | 79 | ബ്ലോക്ക് പഞ്ചായത്തിലെ നിലവിലെ സി സി ടി വിയിൽ അധിക ക്യാമറ സ്ഥാപിക്കൽ | പൊതുവി ഭാഗം | സേവനം | സ്പിൽ ഓവർ | 60127 | 59809 | പൂർത്തീകരിച്ചു |
| 64 | 80 | മുല്ലശ്ശേരി ബസ് സ്റ്റാന്റ് പാവറട്ടി പി എച് സി എന്നിവിടങ്ങളിൽ വാട്ടർ കിയോസ്ക് സ്ഥാപിക്കൽ | പൊതുവി ഭാഗം | സേവനം | സ്പിൽ ഓവർ | 481200 | 430000 | പൂർത്തീകരിച്ചു |
| 65 | 81 | ഭവന പുനരുദ്ധാരണം - അതിദരിദ്രർ വയോജനങ്ങൾ - ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകൽതുക നൽകൽ | പൊതുവി ഭാഗം | സേവനം | സ്പിൽ ഓവർ | 75000 | 75000 | പൂർത്തീകരിച്ചു |
| 66 | 83 | എളവള്ളി ഗ്രാമപഞ്ചായത്തിന് ജനകീയ ഹോട്ടലിന്റെ സൌകര്യമൊരുക്കുന്ന തിനു വിഹിതം നൽകൽ | പൊതുവി ഭാഗം | ഉല്പാദനം | സ്പിൽ ഓവർ | 887410 | 536437 | തുടരുന്നു |
| 67 | 84 | പി കൃഷ്ണപ്പിള്ള സ്മാരക റോഡ് മുല്ലശ്ശേരി പഞ്ചായത്തിന് തുക കൈമാറൽ | പൊതുവി ഭാഗം | പശ്ചാത്ത ലം | സ്പിൽ ഓവർ | 344033 | 344033 | പൂർത്തീകരിച്ചു |
| 68 | 85 | വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ ഓഫീസ് നവീകരണം | പൊതുവി ഭാഗം | പശ്ചാത്ത ലം | സ്പിൽ ഓവർ | 816310 | 0 | തുടരുന്നു |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 69 | 87 | എളവള്ളി ഗ്രാമ പഞ്ചായത്തിനു അധിക എം സി എഫ് നു വിഹിതം നൽകൽ | പൊതുവിഭാഗം | സേവനം | സ്പിൽ ഓവർ | 1001500 | 160961 | തുടരുന്നു |
| 70 | 88 | വൈലിപ്പാടം എസ് സി സങ്കേതത്തിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് എളവള്ളി ഗ്രാമപഞ്ചായത്തിന് വിഹിതം നല്കൽ | പട്ടികജാതി വിഭാഗം | സേവനം | സ്പിൽ ഓവർ | 200000 | 167079 | പൂർത്തീകരിച്ചു |
| 71 | 90 | സമേതം ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | പൊതുവിഭാഗം | സേവനം | സ്പിൽ ഓവർ | 100000 | 0 | തുടരുന്നു |
| 72 | 91 | ടേക്ക് എ ബ്രേക്ക് പുല്ല റോഡിലും കുമ്പുള്ളി ഇടിയഞ്ചിറ കനാൽ പരിസരത്തും ക്യാമറ സ്ഥാപിക്കൽ | പൊതുവിഭാഗം | സേവനം | പുതിയത് | 240702 | 240702 | പൂർത്തീകരിച്ചു |
| 73 | 94 | പതിനാലാം പഞ്ചവത്സര പദ്ധതി - മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് വികസന രേഖ തയ്യാറാക്കൽ - 2025-26 | പൊതുവിഭാഗം | സേവനം | പുതിയത് | 100000 | 98900 | പൂർത്തീകരിച്ചു |
| 74 | 95 | മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഓഫിസ് കെട്ടിടം ഇലക്ട്രിഫിക്കേഷൻ നവീകരണം | പൊതുവിഭാഗം | പശ്ചാത്തലം | പുതിയത് | 748531 | 748531 | പൂർത്തീകരിച്ചു |
| 75 | 96 | ഹെൽത്ത് ഗ്രാൻറ് 2021-22 ബ്ളോക്ക് പൊതു ജനാരോഗ്യകേന്ദ്രം-അധിക സൌകര്യം ഏർപ്പെടുത്തൽ | പൊതുവിഭാഗം | സേവനം | സ്പിൽ ഓവർ | 412718 | 116392 | തുടരുന്നു |
| 76 | 97 | ബ്ലോക്ക് പബ്ലിക്ക് ഹെൽത്ത് യൂണിറ്റിലേക്കാവശ്യമായ വിവര സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ | പൊതുവിഭാഗം | സേവനം | സ്പിൽ ഓവർ | 595000 | 162330 | തുടരുന്നു |
| 77 | 98 | ഹെൽത്ത് ഗ്രാൻറ് 2021-22 ബ്ലോക്ക് പൊതു ജനാരോഗ്യ കേന്ദ്രത്തിലേക്ക് വിവര സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ | പൊതുവിഭാഗം | സേവനം | സ്പിൽ ഓവർ | 26900 | 0 | തുടരുന്നു |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 78 | 99 | സിഎച്ച്സി മുല്ലശ്ശേരിയിലേക്കാവശ്യമായ എക്സ് റേ ഫിലിമും ലാബ് റീയേജന്റും വാങ്ങൽ | പൊതുവിഭാഗം | സേവനം | സ്പിൽ ഓവർ | 550000 | 229167 | തുടരുന്നു |
| 79 | 102 | ഹെൽത്ത് ഗ്രാൻറ് 2023-24 ബ്ളോക്ക് പബ്ലിക്ക് ഹെൽത്ത് യൂണിററിലേക്ക് ആവശ്യമായ ഫർണീച്ചർ വാങ്ങൽ | പൊതുവിഭാഗം | സേവനം | പുതിയത് | 200000 | 69800 | തുടരുന്നു |
| 80 | 103 | മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ വാട്ടർകിയോസ്കുകൾക്ക് എഎംസി നൽകൽ | പൊതുവിഭാഗം | സേവനം | പുതിയത് | 50000 | 0 | തുടരുന്നു |
| 81 | 104 | മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ ഓഫീസുകളിൽ ബോട്ടിൽ ബൂത്തും ബിനും വാങ്ങൽ | പൊതുവിഭാഗം | സേവനം | പുതിയത് | 60000 | 28000 | തുടരുന്നു |
| 82 | 109 | ബ്ലോക്ക് പഞ്ചായത്തിലെ നിലവിലുള്ള സിസിടിവി സിസ്റ്റത്തിലേക്ക് യുപിഎസ് അനുബന്ധ സൌകര്യങ്ങൾ ഏർപ്പെട്ടുത്തൽ | പൊതുവിഭാഗം | സേവനം | പുതിയത് | 100000 | 0 | തുടരുന്നു |
| 83 | 110 | മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി പഞ്ചായത്തുകൾക്ക് തുക കൈമാറൽ | പൊതുവിഭാഗം | സേവനം | പുതിയത് | 1922000 | 674876 | തുടരുന്നു |
| 84 | 111 | കണ്ണോത്ത് പുല്ല റോഡിലെ വാട്ടർ കിയോസ്കിൽ അധിക ഫിൽറ്റർ സ്ഥാപിക്കലും അനുബന്ധ സൌകര്യങ്ങൾ ഏർപ്പെട്ടുത്തലും | പൊതുവിഭാഗം | സേവനം | പുതിയത് | 300000 | 251600 | പൂർത്തീകരിച്ചു |
| 85 | 112 | ബ്ലോക്ക് ഓഫീസ് നവീകരണം 2025-26 | പൊതുവിഭാഗം | പശ്ചാത്തലം | പുതിയത് | 585000 | 0 | തുടരുന്നു |
| 86 | 113 | ഇടിയിഞ്ചിറ തെക്കേ ബണ്ട് റോഡ് | പൊതുവിഭാഗം | പശ്ചാത്തലം | പുതിയത് | 2410000 | 0 | തുടരുന്നു |
| 87 | 115 | വിജ്ഞാന തൃശ്ശൂർ ജോബ് സ്റ്റേഷൻ | പൊതുവിഭാഗം | ഉല്പാദനം | പുതിയത് | 200000 | 88068 | തുടരുന്നു |
| 88 | 117 | കണ്ണൻകുളങ്ങര മസ്ജിദ് റോഡ് നിർമ്മാണം | പട്ടികജാതി വിഭാഗം | പശ്ചാത്തലം | പുതിയത് | 732316 | 545421 | തുടരുന്നു |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 89 | 118 | വടക്കേ കോഞ്ചിറ പാടശേഖരത്തിൽ കാർഷികാവശ്യത്തിനായുള്ള ക്രോസ് ഡ്രെയ്നും ഷട്ടർ നിർമ്മാണവും | പൊതുവിഭാഗം | ഉല്പാദനം | പുതിയത് | 2422000 | 0 | തുടരുന്നു |
| 90 | 119 | പട്ടികജാതി വനിതകൾക്ക് നൈപുണ്യ പരിശീലനം ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകൽ | പട്ടികജാതി വിഭാഗം | ഉല്പാദനം | പുതിയത് | 688650 | 0 | തുടരുന്നു |
| 91 | 124 | വജ്ര ജൂബിലി ഫെല്ലോഷിപ്പ് | പൊതുവിഭാഗം | സേവനം | പുതിയത് | 45000 | 0 | തുടരുന്നു |
| 92 | 125 | മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി എളവള്ളി പഞ്ചായത്തിന് തുക കൈമാറൽ | പൊതുവിഭാഗം | സേവനം | പുതിയത് | 1218875 | 0 | തുടരുന്നു |
| 93 | 128 | മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി പഞ്ചായത്തുകൾക്ക് തുക കൈമാറൽ ട്രഷറി ഫണ്ട് | പൊതുവിഭാഗം | സേവനം | പുതിയത് | 146237 | 0 | തുടരുന്നു |
| 94 | 130 | പി എം എ വൈ ജി ആവാസ് പ്ലസ് ഭവന പദ്ധതി ജനറൽ ബ്ലോക്ക് വിഹിതം നൽകൽ | പൊതുവിഭാഗം | സേവനം | പുതിയത് | 400000 | 0 | തുടരുന്നു |
| 95 | 131 | മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | പൊതുവിഭാഗം | സേവനം | പുതിയത് | 200000 | 0 | തുടരുന്നു |
| 96 | 132 | സമഗ്ര നെൽകൃഷി വികസനത്തിന് കൂലി ചെലവിന് സബ്സിഡി - എസ് സി വെങ്കിടങ്ങ് പഞ്ചായത്തിന് തുക കൈമാറൽ | പട്ടികജാതി വിഭാഗം | ഉല്പാദനം | പുതിയത് | 200000 | 0 | തുടരുന്നു |

# അദ്ധ്യായം – 3
# പ്രശ്ന വിശകലനവും പ്രശ്നപരിഹാര സാധ്യതകളും

1. പൊതുഭരണവും ധനകാര്യവും

ത്രിതല പഞ്ചായത്ത് വ്യവസ്ഥയിൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അപേക്ഷിച്ച് ബ്ലോക്ക് പഞ്ചായത്തിന് വരുമാനവും അധികാരവും വളരെ കുറവാണ്. എങ്കിലും ലഭ്യമാകുന്ന ഫണ്ടും അധികാരങ്ങളും ഉപയോഗപ്പെടുത്തി സദ്ഭരണം കാഴ്ചവെക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യമിടുന്നു.

ബ്ലോക്ക് ഓഫീസിലെ ഫയലുകൾ സൂക്ഷിക്കുന്നതിന് ഒരു റെക്കോർഡ് റൂം സജ്ജമാക്കിയിട്ടുണ്ട്. മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിലേക്കായി ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ സേവന നിലവാരം ഉയർത്തി സമ്പൂർണ്ണ ഗുണമേന്മാ പരിപാലനത്തിലൂടെ ഐ എസ് ഒ സർട്ടിഫിക്കറ്റ് ലഭ്യമായി.

പൊതുജന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് അനുയോജ്യമായ ഓഫീസ് സൗകര്യങ്ങൾ ഒരുക്കുന്നതിനും സാധിച്ചിട്ടുണ്ട്. സമ്പൂർണ്ണ ശുചിത്വം കൈവരിക്കുന്നതിലേക്കായി ബ്ലോക്ക് പഞ്ചായത്ത് ഓഫീസും പരിസരവും അനുബന്ധമായ ഓഫീസുകളും പ്ലാസ്റ്റിക് മാലിന്യങ്ങളിൽ നിന്നും വിമുക്തമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിൽ വരുത്തിയിട്ടുണ്ട്. കൂടാതെ ഗ്രീൻ പ്രോട്ടോകോൾ എല്ലാ ഓഫീസുകളിലും പാലിച്ചുവരുന്നു.

2. കൃഷി അനുബന്ധ മേഖല

മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് മേഖലയിലെ പ്രധാന വിള നെല്ലാണ്. മുല്ലശ്ശേരി, എളവള്ളി, വെങ്കിടങ്ങ് പഞ്ചായത്തുകളിലെ ഏകദേശം 1400 ഹെക്ടർ കോൾ നിലങ്ങളിലും എളവള്ളി, മുല്ലശ്ശേരി പഞ്ചായത്തുകളിലെ 300 ഹെക്ടർ കോൾ നെൽകൃഷി ചെയ്തു വരുന്നു. നെല്ലിനു പുറമേ തെങ്ങ്, വാഴ, പച്ചക്കറി. മരച്ചീനി, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയും കൃഷി ചെയ്തു വരുന്നുണ്ട്.

കാർഷിക ഉൽപന്നങ്ങളുടെ വിലക്കുറവും തൊഴിലാളി ക്ഷാമവും ഉയർന്ന ഉൽപാദന ചെലവും ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങളാണ്. ഇക്കോഷിപ്പിലൂടെ ഉൽപന്നങ്ങളുടെ സംഭരണവും വിപണനവും നടപ്പിലാക്കിയതുവഴി ഒരു വെല്ലുവിളിയായി മുൻ വർഷങ്ങളിൽ നിലനിന്നിരുന്ന പ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

വേനൽക്കാലത്ത് ബ്ലോക്കിലെ നാലു പഞ്ചായത്തുകളിലും പുളിക്കെട്ടുകളുടെ അഭാവത്താൽ ജലദൗർലഭ്യവും മഴക്കാലത്ത് വെള്ളക്കെട്ടും അനുഭവപ്പെടുന്നുണ്ട്. കുളങ്ങളുടേയും തോടുകളുടേയും ശരിയായ സംരക്ഷണത്തിലൂടെ ഇതിന് പരിഹാരം കണ്ടെത്താവുന്നതാണ്.

വ്യാപകമായ മഞ്ഞളിപ്പും കാറ്റുവീഴ്ച്ച പോലുള്ള രോഗങ്ങളും കൊമ്പൻചെല്ലി, ചെമ്പൻചെല്ലി മണ്ഡരി പോലുള്ള കീടങ്ങളുടെ ആക്രമണവും മൂലം തെങ്ങിന്റെ ഉൽപാദനക്ഷമതയിൽ സാരമായ കുറവുണ്ടായിട്ടുണ്ട്.

സംയോജിത വള കീട-രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയും കേടുവന്നതും പ്രായാധിക്യമുള്ളതുമായ തെങ്ങുകൾ വെട്ടിമാറ്റി പകരം അത്യുൽപാദന ശേഷിയുള്ള തെങ്ങിൻതൈകൾ വെച്ചു പിടിപ്പിച്ചും മേൽ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താവുന്നതാണ്. "കേരഗ്രാമം" പദ്ധതിയിലൂടെ വെങ്കിടങ്ങ് പഞ്ചായത്തിലും സംയോജിത കീട-രോഗ നിയന്ത്രണ പദ്ധതിയിലൂടെ പാവറട്ടി പഞ്ചായത്തിലും മേൽ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

കൃഷി നാശം സംഭവിച്ച കർഷകർക്കുള്ള ദുരിതാശ്വാസ ധനസഹായം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡ് നൽകുന്നതിനെപറ്റിയും ലോൺ എടുത്ത കർഷകർക്കുള്ള മൊറട്ടോറിയത്തെപ്പറ്റിയും സംസാരിക്കുന്നതിനും കൃഷിഭവൻ തലത്തിൽ ബാങ്ക് ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള സെമിനാറുകൾ സംഘടിപ്പിക്കപ്പെട്ടു. കൂടാതെ കർഷകർക്ക് നെൽകൃഷിക്ക് സബ്സിഡി ആയി 28,10,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

കാർഷിക മേഖലയിലെ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണവും കയറ്റമതിയും ലക്ഷ്യമിട്ട് ഇന്ത്യക്കകത്തും പുറത്തുമുള്ള സംരംഭകരെ കണ്ടെത്തുന്നതിന് വൈഗ എന്ന പേരിൽ കാർഷിക പ്രദർഷനവും സെമിനാറും വർഷം തോറും നടത്തി വരുന്നു. ഇതിലൂടെ കർഷകർക്കും സംരംഭകർക്കും വരുമാന വർദ്ധനവ് ലക്ഷ്യമിടുന്നു.

"ഓപ്പറേഷൻ കോൾ ഡബിൾ" എന്ന പദ്ധതിക്ക് കഴിഞ്ഞ സാമ്പത്തിക വർഷം ആരംഭം കുറിക്കുകയുണ്ടായി. മുല്ലശ്ശേരി ബ്ലോക്കിൽപ്പെട്ട മുല്ലശ്ശേരി, വെങ്കിടങ്ങ് പഞ്ചായത്തുകളിൽ ഏകദേശം 500 ഹെക്ടർ സ്ഥലത്ത് ഈ പദ്ധതി നടപ്പിൽ വരുത്തി നെല്ലുൽപാദനം വർധിപ്പിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും സാധിച്ചു. ഈ വർഷവും പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. അഗ്രോ ഡ്രോൺ ഉപയോഗിച്ചുള്ള സസ്യ സംരക്ഷണ പ്രവർത്തനങ്ങൾ ഈ മേഖലയിലെ കൂലി ചെലവ് കുറയ്ക്കുന്നതിന് ഏറെ സഹായകരമാണ്. കൂടാതെ കോൾബണ്ടുകളിൽ തെങ്ങിൻ തൈ വെച്ചുപിടിപ്പിക്കുന്ന പദ്ധതിയിലൂടെ കോൾ കർഷകരുടെ വരുമാനം ഒരു പരിധി വരെ വർധിപ്പിക്കുമെന്ന് പ്രത്യാശിക്കാം.

### 3. മൃഗസംരക്ഷണവും ക്ഷീരവികസനവും

മുല്ലശ്ശേരി ബ്ലോക്ക് പരിധിയിൽപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ഭൂരിഭാഗം ജനങ്ങളും കാർഷിക മേഖലയിൽ ഉപജീവന മാർഗം കണ്ടെത്തി ജീവിക്കുന്നവരാണ്. കാർഷിക മേഖലയുടെ വികസനത്തിൽ മൃഗസംരക്ഷണ മേഖല പ്രധാന പങ്ക് വഹിക്കുന്നുണ്ട്. എന്നാൽ കാർഷിക രംഗത്തെ തകർച്ച ക്ഷീരവികസനം, മൃഗസംരക്ഷണം എന്നിവയേയും ബാധിച്ചിട്ടുണ്ട്

ബ്ലോക്ക് പരിധിയിലെ ക്ഷീരകർഷകർക്ക് പ്രാദേശിക വിപണി മാത്രമേ ലഭ്യമാകുന്നു. കാലിത്തീറ്റയുടെ വില അടിക്കടി വർദ്ധിച്ചു വരുന്നതും ക്ഷീരസംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യവും, തീറ്റപ്പുൽ കൃഷിയുടെ അപര്യാപ്തതയും ഗുണമേന്മയേറിയ വളർത്തു മൃഗങ്ങളുടെ ലഭ്യതക്കുറവും രോഗങ്ങളേയും പ്രതിരോധ നടപടികളേയും കുറിച്ച് കർഷകരുടെ അറിവില്ലായ്മയും ഈ മേഖലയിലെ ക്ഷീരകർഷകർ നേരിടുന്ന മുഖ്യ പ്രശ്നങ്ങളാണ്. ക്ഷീര കാർഷിക മേഖലയെ സംരക്ഷിക്കുന്നതിലേക്കായി കൂടുതൽ പ്രോത്സാഹനങ്ങളും ധനസഹായവും ബോധവൽക്കരണ ക്യാമ്പുകളും നൽകേണ്ടതാണ്. കൂടുതൽ ക്ഷീരസംഘങ്ങൾ രൂപീകരിക്കുക, ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വ്യാവസായിക അടിസ്ഥാനത്തിൽ തീറ്റപുൽ കൃഷി സംരംഭങ്ങൾ ആരംഭിക്കുക എന്നിങ്ങനെയുള്ള നടപടികൾ ക്ഷീരമേഖലയ്ക്ക് ആശ്വാസം പകരുവാൻ കഴിയുന്നവയാണ്.

കാർഷിക കേരളത്തിന്റെ  സമ്പദ്ഘടനയുടെ നട്ടെല്ലാണ് പശുപരിപാലനം ഗ്രാമീണ തലത്തിൽ അസംഖ്യം പേർ ഈ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നു. പശുക്കളുടെ ഉൽപാദന ക്ഷമതയും കർഷകന്റെ ആദായവും വർദ്ധിപ്പിച്ചാൽ മാത്രമേ ഈ മേഖലയിൽ ഇനിയും മുന്നോട്ട് പോകുവാൻ സാധിക്കുകയുള്ളൂ. ഇതിനായി ഏറ്റവും നല്ല ഗുണനിലവാരമുള്ള ബീജമാത്രകളും കാലിത്തീറ്റയും പുല്ലിനങ്ങളും പ്രതിരോധ വാക്സിനുകളും ശാസ്ത്രീയ പശു പരിപാലനവും നമുക്ക് കർഷകരിലേക്ക് എത്തിക്കേണ്ടതുണ്ട്.

മുല്ലശ്ശേരി ബ്ലോക്കിൽ 1200 ഓളം കുടുംബങ്ങൾ പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നു. ബ്ലോക്കിലെ 4 ഗ്രാമ പഞ്ചായത്തുകളിലായി 5 ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ബ്ലോക്കിലെ പാലുൽപ്പാദനത്തിന്റെ 1/5 ഭാഗം മാത്രമേ ക്ഷീര സംഘങ്ങളിലൂടെ സംഭരിക്കുന്നുള്ളൂ. ബാക്കിയുള്ളവ പ്രാദേശികമായി വിറ്റഴിക്കുന്നു. നിലവിൽ ക്ഷീരസംഘങ്ങളിലൂടെ 200 ഓളം കർഷകരിൽ നിന്നായി ശരാശരി 1000 ലിറ്റർ പാൽ സംഭരിക്കുന്നു. ഈ കർഷകർക്ക് പാൽ വില കൂടാതെ ബ്ലോക്ക് പഞ്ചായത്ത് സംയുക്ത പദ്ധതികയിൽ ഉൾപ്പെടുത്തി ലിറ്ററിന് 3 രൂപ പ്രകാരം പ്രതിവർഷം പരമാവധി 300000/- രൂപ നൽകി വരുന്നു.

**പ്രശ്നങ്ങൾ**

1. വർധിച്ച് വരുന്ന തീറ്റച്ചെലവ്, കാലിത്തീറ്റ വിലവർദ്ധനവ്
2. അപര്യാപ്തമായ പാൽ വില
3. അത്യുൽപാദന ശേഷിയുള്ള പശുക്കളുടെ ദൌർലഭ്യം
4. ശാസ്ത്രീയമായ പശു പരിപാലന രീതിയിലേയ്ക്ക് കടന്നു ചെല്ലുവാനുള്ള കർഷകരുടെ വൈഷമ്യം
5. തീറ്റപ്പുൽകൃഷിയ്ക്ക് സ്ഥല ലഭ്യതക്കുറവ്
6. രോഗങ്ങളെക്കുറിച്ചും രോഗപ്രതിരോധ നടപടികളെക്കുറിച്ചും കർഷകരുടെ അറിവിന്റെ പോരായ്മ
7. മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അപര്യാപ്തത

8 യുവതലമുറ ഈ മേഖലയിലേക്ക് കടന്നുവരാനുള്ള വിമുഖത

**കാരണങ്ങളും പരിഹാര മാർഗ്ഗങ്ങളും**

1. മുല്ലശ്ശേരി ബ്ലോക്കിലെ ക്ഷീരസംഘങ്ങളിൽ നിന്നും മിൽമ നേരിട്ട് പാൽ സംഭരിക്കുന്നില്ല. മിൽക്ക് റൂട്ട് ഇല്ലാത്തതിനാൽ നിലവിലെ ക്ഷീരസംഘങ്ങൾക്ക് നിശ്ചിത പരിധിയിൽ കൂടുതൽ പാൽസംഭരിക്കാനാവുന്നില്ല. ബ്ലോക്ക് പരിധിയിൽ ഒരു സംഘത്തിലെങ്കിലും ഒരു ചില്ലിംഗ് പ്ലാന്റ് സ്ഥാപിക്കുകയാണെങ്കിൽ സംഘത്തിനും കർഷകർക്കും കൂടുതൽ പാൽ വിപണനം നടത്തുന്നതിന് സാധിയ്ക്കും.

2. കാലിത്തീറ്റയുടെ വില വർദ്ധിച്ച് വരുന്നതിനാൽ ബ്രാൻഡഡ് കാലിത്തീറ്റകളെ മുഴുവനായി ആശ്രയിക്കാതെ ഈ പ്രദേശത്ത് ലഭ്യമായ ധാന്യങ്ങൾ, മറ്റ് അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് കാലിത്തീറ്റ സ്വയം നിശ്ചിത അനുപാതത്തിൽ ചേർത്ത് നൽകി കർഷകരെ സ്വയം പര്യാപ്തമാക്കാവുന്നതാണ്. ഇതിനായി അസംസ്കൃത വസ്തുക്കൾ ബ്ലോക്ക് അടിസ്ഥാനത്തിൽ സംഭരിച്ച് ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് വിതരണം ചെയ്യാവുന്നതാണ്.

3. ക്ഷീരമേഖലയിൽ വിദഗ്ധ തൊഴിലാളികളുടെ കുറവുമൂലം ചെറുകിട യൂണിറ്റുകൾ പോലും പ്രവർത്തനരഹിതമായിക്കൊണ്ടിരിക്കുകയാണ്. തെങ്ങുകയറ്റ തൊഴിലാളികളുടെ സംഘം രൂപീകരിച്ചതുപോലെ കറവ, പശുപരിപാലനം എന്നിവയിൽ വിദഗ്ദ്ധരായ കുടുംബശ്രീ യൂണിറ്റുകളോ സംഘങ്ങളോ ഉണ്ടെങ്കിൽ സ്ത്രീകൾക്ക് തൊഴിൽ ലഭ്യതയും അത്യാവശ്യ ഘട്ടങ്ങളിൽ ഫാം ജോലികളും ചെയ്യാവുന്നതാണ്.

4. വ്യാവസായികാടിസ്ഥാനത്തിൽ ഗ്രൂപ്പുകൾക്ക് തീറ്റപുൽ കൃഷി ചെയ്യാവുന്നതാണ്. 22 മുട്ടുള്ള ഒരു തീറ്റപുൽക്കടയ്ക്ക് നിലവിൽ 1 രൂപ വിലയുണ്ട്. കുറഞ്ഞത് ഒരു ഹെക്ടർ എങ്കിലും ചെയ്യാൻ തയ്യാറാകുന്നവർക്ക് വികസന വകുപ്പ് മുഖേന ധനസഹായം ലഭിക്കുന്നതാണ്. നല്ല രീതിയിൽ പരിപാലിച്ചാൽ തീറ്റപ്പുല്ല്, പുൽക്കട എന്നിവ വിപണനം നടത്തി വരുമാനം നേടാവുന്നതാണ്.

5. ക്ഷീരമേഖല നേരിടുന്ന മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി കുറഞ്ഞത് 5 പശുക്കൾ ഉള്ള എല്ലാ വർഷവും ചാണകത്തിൽ നിന്നും ഗ്യാസ് ഉൽപാദിപ്പിക്കുന്ന തിനായി 2 ക്യുബിക് മീറ്ററിന്റെയെങ്കിലും ഗോബർഗ്യാസ് പ്ലാന്റ് സ്ഥാപിക്കേണ്ടതാണ്. ഇതിനായി പഞ്ചായത്ത് തലത്തിൽ തുക വകയിരുത്തേണ്ടതും ഓരോ കർഷകനും കുറഞ്ഞത് 25000/- രൂപ ധനസഹായം നൽകാവുന്നതാണ്.

6. പാലിൽ നിന്നും മൂല്യവർധിത ഉൽപന്നങ്ങളായ പനീർ, നെയ്യ്, സംഭാരം, കുൾഡിംഗ് എന്നിവ കുടുംബ യൂണിറ്റുകൾ വഴി നിർമ്മിച്ച് വിപണനം ചെയ്യാവുന്നതാണ്.

7. വിദ്യാർത്ഥികൾക്ക് ഈ മേഖലയിൽ അവബോധം നൽകി ഈ മേഖലയിലേയ്ക്ക് അടുപ്പിക്കാൻ ശ്രമിക്കാവുന്നതാണ്.

**4. പ്രാദേശിക സാമ്പത്തിക വികസനം**

ബ്ലോക്ക് പരിധിയിൽ പുതിയ വ്യവസായങ്ങൾ തുടങ്ങുവാൻ വിമുഖത ഉള്ളതായി കാണുന്നു. ബാങ്ക് ലോൺ ലഭിക്കുന്നതിനുള്ള താമസം വിജയ സാധ്യതയുള്ള വ്യവസായങ്ങളെകുറിച്ചുള്ള അറിവില്ലായ്മ എന്നിവ ഇതിന് കാരണമാണ്. എന്നിരുന്നാലും ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബ്ലോക്ക് വ്യവസായ ഓഫീസ് മുഖേന മുൻവർഷങ്ങളിൽ 70 ൽ പരം ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങുവാൻ കഴിഞ്ഞിട്ടുണ്ട്. കാർഷിക വിഭവങ്ങൾ, പാൽ, മത്സ്യ സമ്പത്ത് എന്നിങ്ങനെ ബ്ലോക്ക് പരിധിയിൽ ലഭ്യമാകുന്ന വിഭവങ്ങളിൽ നിന്നും മൂല്യ വർദ്ധിത ഉൽപന്നങ്ങൾ നിർമ്മിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. ഇവയെ ടെക്നോളജി സ്ഥാപനങ്ങളുമായി ബന്ധിപ്പിച്ച് പരിശീലനങ്ങൾ നൽകി ബ്ലോക്ക് പരിധിയിൽ വ്യവസായം വർദ്ധിപ്പിക്കാവുന്നതാണ്. കൂടാതെ വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും ലൈസൻസുകൾ ലഭിക്കുന്നതിനുള്ള കാലതാമസവും ഒഴിവാക്കേതാണ്. കഴിഞ്ഞ വാർഷിക പദ്ധതി കാലയളവിൽ ബ്ലോക്ക് പരിധിയിൽ ലഭ്യമാകുന്നപ്രാദേശിക കാർഷിക വിഭവങ്ങളും മറ്റ് അസംസ്കൃത വസ്തുക്കളും (ചക്ക, നാളികേരം, നെല്ല്, പാള മുതലായവ) നൂതന സാങ്കേതിക വിദ്യകളും ഉപയോഗിച്ച് മൂല്യ വർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിനും അതിലൂടെ സ്വയം തൊഴിൽ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

**5. പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ)**

ബ്ലോക്ക് പഞ്ചായത്തിന്റെ വികസനത്തിൽ പശ്ചാത്തല മേഖലയുടെ പങ്ക് വളരെ പ്രധാനമാണ്. കാർഷിക വ്യാവസായിക സേവനമേഖലകളുടെ വികസനത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഉൾനാടൻ പ്രദേശങ്ങളിൽ ജനങ്ങൾ വീട് വെച്ച് താമസം ആരംഭിച്ചതോടെ ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ റോഡുകൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത വർദ്ധിച്ചിട്ടുണ്ട്.

മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള 4 പഞ്ചായത്തുകളായ എളവള്ളി, മുല്ലശ്ശേരി, പാവറട്ടി, വെങ്കിടങ്ങ് എന്നീ പഞ്ചായത്തുകളുടെ തീരപ്രദേശങ്ങളിലും ഉൾപ്രദേശങ്ങളിലുമുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്തേണ്ടതാണ്. റോഡുകൾക്ക് കാന ഇല്ലാത്തതിനാൽ വെള്ളക്കെട്ടു മൂലം റോഡുകൾ പെട്ടെന്ന് പൊട്ടിപൊളിഞ്ഞ് പോകുന്ന അവസ്ഥയാണുള്ളത്. കാലവർഷക്കെടുതിയിൽ പല റോഡുകളും പൊട്ടിപൊളിഞ്ഞ് ഗതാഗതത്തിന് അനുയോജ്യമല്ലാത്ത അവസ്ഥയിലാണ്. മേൽപറഞ്ഞ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമായി ദീർഘകാല വീക്ഷണമെന്ന രീതിയിൽ റോഡുകൾ ഉയർത്തുകയും ഒരേ സമയം ഓടകളും കലുങ്കുകളും നിർമ്മിക്കേതുമുണ്ട്. കാർഷിക മേഖലയ്ക്ക് പ്രാധാന്യം കൊടുക്കുന്ന ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് കൂടുതൽ ഫാം റോഡുകൾ നിർമ്മിക്കേണ്ടതുണ്ട്. നിലവിലുള്ള റോഡുകളിലെ പഴയ കലുങ്കുകൾ റിപ്പയർ ചെയ്ത് പുതുക്കി പണിയേണ്ടത്.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ കെട്ടിടത്തിന്റെ അറ്റകുറ്റപണി നടത്തി ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. സി എച്ച് സി യുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ നടത്തുകയും അത് വഴി ആശുപത്രിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുകയും തദ്ദേശവാസികളായ ജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്പെടുകയും ചെയ്തു.

കൃഷി മേഖലയെ മെച്ചപ്പെടുത്തുന്നതിനു വേണ്ടി പാടശേഖരത്തിൽ വി സി ബി വെയർ, കാടച്ചാലുകളുടെ നിർമ്മാണം. മോട്ടോർഷെഡുകളുടെ അറ്റകുറ്റപ്പണി എന്നിവ നടത്തി. തന്മൂലം നമ്മുടെ കാർഷിക സമ്പത്ത് അഭിവൃദ്ധിപ്പെടുന്നതിനും സാധിച്ചു. കൂടാതെ പട്ടികജാതി വിഭാഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി കോളനികളിലൂടെ നടപ്പാതകളുടെ നിർമ്മാണവും നടത്തി. സി എച്ച് സിയിൽ വെള്ളം ശുദ്ധീകരിക്കുന്നതിനുവേണ്ടി ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുകയും അതുവഴി രോഗികളുടേയും ജീവനക്കാരുടേയും ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിച്ചു. സി എച്ച് സി യിൽ പുതിയ വനിതാ വാർഡിനുള്ള കെട്ടിടം, ശിശു സൗഹൃദ വാർഡ്, അടുക്കള എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിയതു മൂലം കൂടുതൽ രോഗികളെ ആശുപത്രിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിച്ചു ആയത് തദ്ദേശ വാസികളായ ജനങ്ങൾക്ക് ദൂരെയുള്ള ഉൾക്കൊള്ളിക്കുന്നതിനുംആശുപത്രികളെ ആശ്രയിക്കാതെ തന്നെ ചികിത്സാ സഹായം സഹായകമാകുകയും ആരോഗ്യനില മെച്ചപ്പെട്ടു തരുന്നതിനും സാധിച്ചു.

പുതിയ റോഡുകൾ നിർമ്മിക്കുക വഴി ടിപ്രദേശത്തെ മെച്ചപ്പെടുത്തുന്നതിന് സാധിച്ചു. യാത്രാ സൗകര്യം വർദ്ധിക്കുന്നതു വഴി കൂടുതൽ ജനങ്ങൾ ടി പ്രദേശത്ത് വന്ന് താമസിക്കാൻ തയ്യാറാകുകയും ആയത് സ്ഥലത്തെ വികസന സാമൂഹ്യ വ്യവസ്ഥിതിയെ മെച്ചപ്പെടുത്തുന്നതിനും സഹായകരമായി. അതിലൂടെ പ്രസ്തുത സ്ഥലങ്ങൾക്ക് മൂല്യം വർദ്ധിക്കുകയും ചെയ്തു. കൂടാതെ റോഡിന് ഇരുവശത്തും വ്യാപാര സ്ഥാപനങ്ങൾ തുടങ്ങുന്നതിനും ജനങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി ജീവിത നിലവാരം ഉയർത്തുന്നതിനും സാധിച്ചു.

ബ്ലോക്ക് ഓഫീസിലെ അടിക്കടി ഉണ്ടാകുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് ജനറേറ്റർ സ്ഥാപിച്ചു. ജനറേറ്റർ സ്ഥാപിച്ചത് മൂലം ബ്ലോക്ക് ഓഫീസിന്റെ ഓഫീസ് പ്രവർത്തനങ്ങളെ കാര്യമായ തോതിൽ തന്നെ മെച്ചപ്പെടുത്താൻ സാധിച്ചു. മാത്രമല്ല ഇതുവരെയുള്ള വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടങ്ങൾ, നിർവ്വഹണ ഉദ്യാഗസ്ഥരുടെ ഓഫീസുകൾ, സി. എച്ച്. സി എന്നിവിടങ്ങളിൽസോളാർ പാനൽ സ്ഥാപിച്ചതു വഴി വൈദ്യുത ബിൽ തുക വളരെയധികം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**6. ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)**

ഈ മേഖലയിൽ പാർപ്പിട സൗകര്യം ഒരുക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പദ്ധതി കളാണ് ബ്ലോക്ക് പഞ്ചായത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്.

സമ്പൂർണ്ണ പാർപ്പിട പദ്ധതി എന്ന സ്വപ്ന സാക്ഷാൽക്കാരം നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ ലൈഫ് മിഷൻ പദ്ധതി ആരംഭിച്ചു. ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പണി പൂർത്തിയാകാത്ത ഐ എ വൈ, പട്ടികജാതി വകുപ്പ് മുഖേന അനുവദിച്ച വീടുകളുടെ പണി പൂർത്തീകരിക്കുന്നതിനു വേണ്ടി വീടുകൾ ബ്ലോക്ക് പഞ്ചായത്ത് കഠിന പരിശ്രമം നടത്തിയതിന്റെ ഫലമായി 38 വീടുകൾ വാസ്യയോഗ്യമാക്കി. ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടമായ പുതിയ വീടുകളുടെ നിർമ്മാണത്തിൽ നമ്മുടെ ബ്ലോക്ക് പഞ്ചായത്തും വളരെ മുന്നേറ്റം നടത്തിയിട്ടുണ്ട്. പൊതുവിഭാഗത്തിൽ 94 എണ്ണവും പട്ടികജാതി വിഭാഗത്തിൽ 35 വീടും നാല് ഗ്രാമപഞ്ചായത്തുകളിലായി നിർമ്മാണം പൂർത്തിയാക്കി. പൊതു വിഭാഗം 1,05,28,000/- എസ് സി 39,20,000/- എന്നിങ്ങനെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എ.വൈ. (ജി) പദ്ധതിയിൽ 137 വീടുകളും നിർമ്മിച്ചു നൽകി.

ഈ ഇനത്തിൽ ബ്ലോക്ക് വിഹിതമായി 1,67,60,000/- രൂപ (പൊതുവിഭാഗം - 90,00,000/- എസ് സി 77,60,000) 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് പാവപ്പെട്ടവർക്ക് നൽകുവാൻ കഴിഞ്ഞത് അഭിമാനപരമായ നേട്ടമായി കാണുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പാർപ്പിട ഗുണഭോക്താക്കൾക്കും 90 തൊഴിൽ ദിനങ്ങൾ നൽകുവാൻ കഴിയുക വഴി അധിക വരുമാനം

സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്. 375 പാർപ്പിട ഗുണഭോക്താക്കൾക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി ശൗചാലയം നിർമ്മിച്ചു നൽകി.

ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവന രഹിത കുടുംബങ്ങൾക്ക് ഭൂമിയും വീടും ലഭ്യമാക്കുവാൻ 2023-24 വാർഷിക പദ്ധതിയിൽ വളരെ പ്രാധാന്യം കൊടുത്തുകൊണ്ട് പൊതുവിഭാഗത്തിൽ 35,21,533/- രൂപ എസ് സി 18,77,399/- രൂപ എന്നിങ്ങനെ ആകെ 5398932/-രൂപ ബ്ലോക്ക് വിഹിതം ചിലവഴിച്ചിട്ടുണ്ട്.

2024-25, 2025-26 എന്നീ സാമ്പത്തിക വർഷങ്ങളിൽ 508 പേർക്ക് ആവാസ് പ്ലസിൽ ടാർജറ്റ് വരികയും 4 ഗ്രാമപഞ്ചായത്തിലെയും അർഹരായ എല്ലാ ഗുണഭോക്താക്കളെക്കൊണ്ട് എഗ്രിമെന്റ് വെക്കുകയും ചെയ്തു. 128 ഓളം ഗുണഭോക്താക്കൾ എഗ്രിമെന്റ് വെക്കുകയും എഗ്രിമെന്റ് വെച്ച എല്ലാവർക്കും ആദ്യ ഗഡു നൽകുകയും ചെയ്തു. ടി ഗുണഭോക്താക്കളുടെ പൂർത്തീകരണത്തിനായി ബ്ലോക്ക് പഞ്ചായത്ത് ഒന്നര കോടിയോളം രൂപ പ്ലാൻ ഫണ്ടിൽ നിന്ന് വകയിരുത്തുകയും ചെയ്തു.

പി എം എ വൈ(ജി)/ ആവാസ് പ്ലസ്, ലൈഫ് മിഷൻ തുടങ്ങിയ ഭവന പദ്ധതികൾ നടപ്പിലാക്കിയെങ്കിലും ഭവനരഹിതരായി ഇനിയും ഗുണഭോക്താക്കൾ നിലവിലുണ്ട് എന്ന വസ്തുത മറച്ചുവെക്കുന്നില്ല. സമ്പൂർണ്ണ പാർപ്പിട പദ്ധതി എന്ന ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടി പി എം എ വൈ(ജി)/ ആവാസ് പ്ലസിലേക്ക് 734 പേരുടെ വിശദാംശങ്ങൾ നൽകുകയും കേന്ദ്രസർക്കാർ അനുവദിക്കുന്ന മുറയ്ക്ക് അടുത്ത വർഷങ്ങളിൽ ധനസഹായം കഴിയുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. ദാരിദ്ര്യത്തിന്റെ ഒരു അവസ്ഥയായ വാസയോഗ്യമായ വീട് ഇല്ലാത്തതിൽ നിന്നും ഭവന പദ്ധതികൾ നടപ്പിലാക്കുക വഴി ദാരിദ്ര്യത്തിന്റെ തോത് ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**7. സാമൂഹ്യ നീതി**

മുല്ലശ്ശേരി ഐ സി ഡി എസ് പ്രോജക്ടിന്റെ പരിധിയിലുള്ള 13 ഡിവിഷനുകളിലായി എളവള്ളി, മുല്ലശ്ശേരി, പാവറട്ടി, വെങ്കിടങ്ങ് എന്നീ പഞ്ചായത്തുകൾ സ്ഥിതി ചെയ്യുന്നു. ഈ നാലു പഞ്ചായത്തുകളിലായി 100 അങ്കണവാടികൾ പ്രവർത്തിച്ചു വരുന്നു. 77 എണ്ണം സ്വന്തം കെട്ടിടത്തിലും 17 എണ്ണം വാടക കെട്ടിടത്തിലും 6 എണ്ണം പൊതു സ്ഥാപനങ്ങളിലുമായി പ്രവർത്തിക്കുന്നു. അങ്കണവാടികളുടെ സുഗമമായ പ്രവർത്തനത്തിന് സ്വന്തം അങ്കണവാടിക്ക് കെട്ടിടം പ്രധാനമായ പങ്ക് വഹിക്കുന്നു. മുൻ സാമ്പത്തിക വർഷത്തിൽ സ്മാർട്ട് അങ്കണവാടി ആക്കുന്നതിന് സംസ്ഥാന സർക്കാർ ഏകീകരിച്ച പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി സാമ്പത്തിക വർഷത്തിൽ എളവള്ളി ഗ്രാമപഞ്ചായത്തിലെ 3 അങ്കണവാടികൾ സ്മാർട്ട് അങ്കണവാടി ആക്കി മാറ്റുന്നതിന് സാധിച്ചിട്ടുണ്ട്.

2025-26 സാമ്പത്തിക വർഷത്തിൽ എം. പി. ഫണ്ട് ഉപയോഗിച്ച് വെങ്കിടങ്ങ് പഞ്ചായത്തിലും പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് എളവള്ളി ഗ്രാമപഞ്ചായത്തിലും അങ്കണവാടി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. രാഷ്ട്രത്തിന്റെ സമ്പത്തും ഭാവിയുടെ വാഗ്ദാനവുമായ കുട്ടികൾക്ക് കളികളിലൂടെയും പാട്ടിലൂടെയും അവരുടെ സർവ്വതോന്മുഖമായ വളർച്ച വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത്തരം അങ്കണവാടി കെട്ടിടങ്ങൾ രൂപ കൽപന ചെയ്തിട്ടുള്ളത്. പോഷകസമൃദ്ധമായ ഭക്ഷണവും സമഗ്ര വികസനവും പരിപോഷിപ്പിക്കുന്ന പ്രവർത്തനമാണ് അങ്കണവാടികളിലൂടെ നടക്കുന്നത്. ആയതിനാൽ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണ്. ബാലസൗഹൃദ വിദ്യാഭ്യാസം അങ്കണവാടി തുടങ്ങുകയും കുട്ടികളെ ചൂഷണങ്ങളിൽ നിന്നും പീഡനങ്ങളിൽ നിന്നും മോചിതരാക്കി ശിശു സൗഹൃദമായ സമൂഹം വാർത്തെടുക്കുന്നു.

ജന്മനാലും, അപകടം, രോഗം എന്നിവ മൂലവും വൈകല്യം സംഭവിക്കുന്നവരെയാണ് ഭിന്നശേഷിക്കാർ എന്നും വിശേഷിപ്പിക്കുന്നത്. ഇക്കൂട്ടർ നേരിടുന്ന പ്രശ്നങ്ങൾ വളരെ ഗുരുതരമാണ്. അനുയോജ്യമായ ചികിത്സാ രീതികൾ, തൊഴിൽ അവസരങ്ങൾ എന്നിവയിലൂടെ ഈ വിഭാഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരിക എന്നത് ഓരോ പൗരന്റേയും കർത്തവ്യമാണ്. 2025-26 സാമ്പത്തിക

വർഷത്തിൽ ഭിന്നശേഷി കുട്ടികളുടെ സർവതോന്മുഖമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി 1,00,000/- ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സാമൂഹ്യ സുരക്ഷാ മിഷൻ വഴി അശരണരായ സമൂഹത്തിന് നിരവധി സേവനങ്ങളും ധനസഹായവും തൊഴിൽ പരിശീലനങ്ങളും നൽകുന്നു. ഭിന്നശേഷിക്കാരായ പാവങ്ങൾക്ക് വേണ്ട ക്ഷേമ പ്രവർത്തനങ്ങൾ, തൊഴിലവസരങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടത്തേണ്ടതാണ്. സാമൂഹ്യ സുരക്ഷാമിഷൻ വഴി ആശ്വാസകിരണം, സമാശ്വാസം പദ്ധതി, ക്യാൻസർ സുരക്ഷാ പദ്ധതി, ഭിന്നശേഷിക്കാരായവരുടെ മക്കൾക്ക് വിവാഹ ധനസഹായം, ചികിത്സാ ധനസഹായം, സ്കോളർഷിപ്പ് തുടങ്ങിയ സ്കീമുകൾ നടപ്പിൽ വരുത്തുന്നു. നമ്മുടെ സമൂഹത്തിൽ ഈ വിഭാഗത്തിൽപ്പെട്ട ജനങ്ങൾ വിവിധ തരത്തിലുള്ളചൂഷണങ്ങൾക്കും പീഡനങ്ങൾക്കും വിധേയരായിക്കൊണ്ടിരിക്കുകയാണ്. സ്ഥിരമായി തൊഴിൽ ലഭിക്കാത്തതും സാമ്പത്തിക അരക്ഷിതാവസ്ഥയും ഇവർ നേരിടുന്ന മറ്റൊരു വെല്ലുവിളിയാണ്.

വൃദ്ധരുടെ ക്ഷേമത്തിനായി എളവള്ളി പഞ്ചായത്തിലെ കാക്കശ്ശേരിയിൽ ഒരു പകൽ വീട് നിർമ്മിക്കുകയും അതിലേക്കാവശ്യമായ ഫർണിച്ചർ, ടെലിവിഷൻ, മറ്റു ഗൃഹോപകരണങ്ങൾ എന്നിവ സജ്ജമാക്കിയിട്ടുള്ളതാണ്. വൃദ്ധർക്ക് പകൽ സമയം ചിലവഴിക്കുന്നതിനും അവർ ക്കാവശ്യമായ ഭക്ഷണം, മറ്റു ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ നൽകി വരുന്നു. ഈ സ്ഥാപനം വളരെ നല്ല രീതിയിൽ തന്നെ പ്രവർത്തിച്ചു വരുന്നു.

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനസൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് മുഖേന അംഗനവാടികൾക്ക് നല്കിയ എൽ.ഇ.ഡി ടെലിവിഷനുകൾക്ക് കേബിൾ കണക്ഷൻ ലഭ്യമാക്കുകയും അതുവഴി 'ഫസ്റ്റ് ബെൽ പദ്ധതിയിൽ പങ്കാളികളാവുകയും ചെയ്തു.

**8. പട്ടികജാതി വികസനം**

പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുടെ നിരവധി വർഷത്തെ പ്രവർത്തന ഫലമായി പട്ടികജാതി വിഭാഗത്തിന്റെ അവസ്ഥ ഏറെ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും മുഖ്യധാരാ സമൂഹവുമായി തുലനം ചെയ്യുമ്പോൾ നാം ലക്ഷ്യത്തിലേക്ക് എത്തിയിട്ടില്ലെന്ന് പറയേണ്ടി വരും. നിരന്തരമായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലൂടെ മാത്രമേ ടി പദ്ധതികളെ കുറിച്ച് ജനങ്ങൾക്ക് എത്തിച്ചു കൊടുക്കുവാനാകുകയുള്ളൂ. പട്ടികജാതി വിഭാഗത്തിലെ എല്ലാ സമുദായങ്ങളും അനുഭവിക്കുന്ന പ്രധാന പ്രശ്നം തൊഴിലില്ലായ്മയാണ്. പട്ടികജാതി വിഭാഗക്കാർക്ക് വിദ്യാഭ്യാസമില്ലാത്തതു കൊണ്ടല്ല തൊഴിൽ രഹിതരാകുന്നത്. അവർക്കാവശ്യമായ തൊഴിൽ പരിശീലനത്തിന്റേയും സ്കിൽ ഡെവലപ്മെന്റിന്റേയും അപര്യാപ്തതയാണ്. പരമ്പരാഗത തൊഴിലാളികൾക്ക് അസംസ്കൃത വസ്തുക്കളുടെ അപര്യാപ്തത ഒരു പരിധി വരെ തൊഴിലില്ലായ്മ നേരിടുന്ന പ്രശ്നമാണ്.

ബ്ലോക്ക് പരിധിയിലെ പട്ടികജാതി സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമാണ്. ഇവിടത്തെ ജനങ്ങളുടെ ആവശ്യങ്ങൾക്ക് അധിഷ്ഠിതമായ പദ്ധതികൾക്ക്ആവശ്യമായ തുക വകയിരുത്തി പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. സംയോജിത പദ്ധതികൾ ഏറ്റെടുത്തും പ്രശ്ന പരിഹാരം നടത്താവുന്നതാണ്. വർഷങ്ങളായി തദ്ദേശ ഭരണ സ്ഥാപനങ്ങളും പട്ടികജാതി വികസന വകുപ്പും ഈ ജനതയെ മുഖ്യധാരയിലേക്ക് കൈപിടിച്ചു യർത്തുവാൻ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പൂർണ്ണമായ ലക്ഷ്യം കൈവരിക്കാനായി ല്ലെങ്കിലും വളരെയധികം മുന്നോട്ട് പോകുവാൻ ഈ പദ്ധതികൾ മൂലം സാധ്യമാകുന്നുണ്ട്. എന്നിരുന്നാലും കുടിവെള്ള ക്ഷാമം, തൊഴിലില്ലായ്മ, ഭവന രഹിതർ, ഭൂരഹിതർ എന്നീ പ്രശ്നങ്ങൾ വലിയൊരു ചോദ്യചിഹ്നമായി അവശേഷിക്കുന്നുണ്ട്.

പ്രൈമറി എജ്യുക്കേഷൻ എയ്ഡിൽ 1278 ഗുണഭോക്താക്കൾക്കായി 25,56,000/- രൂപയും അയ്യങ്കാളി സ്കോളർഷിപ്പ് വഴി 25 ഗുണഭോക്താക്കൾക്ക് 1,27,500/- രൂപയും സ്പെഷൽ ഇൻസന്റീവ് 53 ഗുണഭോക്താക്കൾക്കായി 2,00,000/- രൂപയും ലംസം ഗ്രാന്റ് 1711 ഗുണഭോക്താക്കൾക്ക് 15,07,450/- രൂപയും ട്യൂഷൻ ഫീസ് റീഇംബേഴ്സ്മെന്റ് പദ്ധതി പ്രകാരം45 പേർക്ക് 59,985/- രൂപയും വിദേശ തൊഴിൽ ധനസഹായമായി 5 പേർക്ക് ഒന്നാം ഗഡുവും 46 പേർക്ക് രണ്ടാം ഗഡുവുമായി ഗുണഭോക്താക്കൾക്ക് 21,80,000/- രൂപയും സ്വയം തൊഴിൽ സബ്സിഡി ഒരാൾക്ക് 79,667/- രൂപയും, ഭൂരഹിത പുനരധിവാസത്തിനായി 9 പേർക്ക് 33,75,000/-രൂപയും, വിവാഹ ധനസഹായമായി 9 ഗുണഭോക്താക്കൾക്ക് 11,25,000/-രൂപയും, ചികിത്സാ ധനസഹായത്തിന്റെ ഭാഗമായി 36 പേർക്ക് 9,95,000/- രൂപയും, ഏക വരുമാനദായകൻ മരണപ്പെട്ട 4 കുടുംബങ്ങൾക്ക് 8,00,000/- രൂപയും, മിശ്രവിവാഹ ധനസഹായമായി 3 പേർക്ക് 2,25,000/- രൂപയും നൽകിയിട്ടുണ്ട്. സേഫ് പദ്ധതി പ്രകാരം മുൻവർഷം തെരഞ്ഞെടുത്തിട്ടുണ്ടായിരുന്നതിൽ പണി പൂർത്തിയാക്കാത്ത 37 ഗുണഭോക്താക്കൾക്ക് തുടർ ഗഡുക്കളായി 29,72,500/- രൂപ വിതരണം ചെയ്തു. പഠനമുറി പദ്ധതി പ്രകാരം മുൻവർഷം തെരഞ്ഞെടുത്തിട്ടുണ്ടായിരുന്ന ഗുണഭോക്താക്കളിൽ പണി പൂർത്തീകരിക്കാത്ത 21 ഗുണഭോക്താക്കൾക്ക് 24,10,000/- രൂപ അനുവദിക്കുകയും പുതുതായി 18 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ 4 ഗ്രാമപഞ്ചായത്തുകളിൽ ഏകദേശം 3200 ഓളം വരുന്ന പട്ടികജാതി കുടുംബങ്ങൾ ഉണ്ട്. കോളനികൾ/സങ്കേതങ്ങൾ കേന്ദ്രീകരിച്ച് ഇന്റർനെറ്റ് സൗകര്യംഉൾപ്പെടെ വിജ്ഞാനവാടികൾ ആരംഭിക്കണം. കോളനികളിൽ സ്ഥല സൗകര്യം ലഭ്യമല്ലെങ്കിൽ ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്തുകളുടെ സ്ഥലത്ത് (ഷോപ്പിംഗ് കോംപ്ലക്സുകൾ ഉൾപ്പെടെ) ഇതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും എല്ലാ വിഭാഗം പട്ടികജാതി വിദ്യാർത്ഥികൾക്കും ഈ സൗകര്യം ലഭ്യമാക്കുകയും വേണം.

മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ നാലു പഞ്ചായത്തുകളിലായി ഏകദേശം 15525 പട്ടികജാതിക്കാർ അധിവസിക്കുന്നുണ്ട്. വർഗ്ഗ സമുദായങ്ങളെ അപേക്ഷിച്ച് മുൻകാലങ്ങളിൽ നിന്നും വളരെയധികം പുരോഗതിയെ പ്രാപിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നത് -യാഥാർത്ഥ്യാമാണെങ്കിലും മുഖ്യധാരാ ജനവിഭാഗത്തിന്റെയൊപ്പം എത്തിച്ചേരാൻ സാധിച്ചിട്ടില്ല. സങ്കേതങ്ങളിൽ താമസിക്കുന്നവരുടെ ഏതാണ്ട് ഒന്നര ഇരട്ടിയോളം ആളുകൾ ഒറ്റപ്പെട്ട് താമസിക്കുന്നവരാണ്. അതുകൊണ്ടു തന്നെ സങ്കേതങ്ങളുടെ വികസനം ഉറപ്പാക്കുന്നതിനൊപ്പം തന്നെ പരിഗണന ഒറ്റപ്പെട്ട് കിടക്കുന്നവരുടെ കാര്യത്തിലും സ്വീകരിക്കേണ്ടതുണ്ട്.

**പ്രശ്നങ്ങൾ**

1 വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പൂർണതയില്ലാത്ത വിദ്യാഭ്യാസം ലക്ഷ്യത്തിലെത്താൻപ്രാപ്തമാകുന്നില്ല. ഉന്നതിയിലേക്കുള്ള ചുവടു വെയ്പാണ് വിദ്യാഭ്യാസം എന്ന തിരിച്ചറിവ് ഇപ്പോഴും അനിവാര്യമാണ്. നിരന്തരമായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലൂടെ ലക്ഷ്യജനവിഭാഗങ്ങൾക്ക് ഇത്തരം അറിവ് എത്തിച്ചു കൊടുക്കാവുന്നതാണ്.

2 അടിസ്ഥാന സൗകര്യത്തിന്റെ കുറവ് ഗുണപരമായ വികസനം നടക്കാത്തത് ഈ മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. കൃത്യമായ ആസൂത്രണവും പ്രാദേശികമായ അറിവുകളും ഇല്ലാതെ ചെയ്യുന്ന വികസനം ഫണ്ട് തിരക്കലിൽ ഒതുങ്ങുന്നു. സങ്കേതങ്ങളിൽ കൃത്യമായി വെള്ളം, വെളിച്ചം, ഗതാഗതസൗകര്യം ഇവ കുറവാണ്. വിനോദോപാധികൾക്ക് സൗകര്യങ്ങളില്ല. ഒന്നിച്ചു കൂടുന്നതിന് ഭൂരിഭാഗം സങ്കേതങ്ങളിലും കമ്മ്യൂണിറ്റി ഹാളുകൾ ഇല്ല. വഴി വിളക്കുകൾ പ്രകാശത്തോടെ കത്തുന്നില്ല. നടപ്പാതകൾ കുണ്ടും കുഴിയും നിറഞ്ഞത് ഇനിയുമുണ്ട്.

3. **തൊഴിലില്ലായ്മ:** പട്ടികജാതി വിഭാഗങ്ങളിലെ എല്ലാ സമുദായങ്ങളും അനുഭവിക്കുന്ന പ്രധാന പ്രശ്നം തൊഴിലില്ലായ്മയാണ്. പരമ്പരാഗത തൊഴിലുകളായ മുറം, കുട്ട, വട്ടി നെയ്ത്ത്, പായ നെയ്ത്ത് തുടങ്ങിയവ

ഏതാണ്ട് നിലച്ച മട്ടാണ്. അസംസ്കൃത വസ്തുക്കൾ കിട്ടാത്തതും പുതിയ തലമുറ ഇതിനോട് വിമുഖത കാട്ടിയതും ഈ മേഖലയ്ക്ക് തിരിച്ചടിയായി.

4. **കുടിവെള്ളം:** അടിസ്ഥാന സൗകര്യങ്ങളിൽ വരുന്നതാണെങ്കിലും പ്രത്യേകമായി പരിഹരിക്കേണ്ട പ്രശ്നമാണിത്. പ്രത്യേകിച്ച് വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിലെ പണ്ടാരമാട് ഉൾപ്പെടെ 7 തീരദേശ വാർഡുകൾ പാവറട്ടി പഞ്ചായത്തിലെ മുനക്കകടവ്, മരുതയൂർ തീരദേശ ഭാഗങ്ങൾ, മുല്ലശ്ശേരി പഞ്ചായത്തിലെ കുന്നിൻ പ്രദേശങ്ങൾ തുടങ്ങിയവ രൂക്ഷമായ ജലക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളാണ്. പണ്ടാരമാട് ഭാഗത്ത് നടപ്പാക്കിയ കുടിവെള്ള പദ്ധതികൾ ഇനിയും വിജയകരമായി പൂർത്തീകരിച്ചിട്ടില്ല. വളരെയേറെ തുക ചിലവഴിച്ച 3 പദ്ധതികൾ ഈ മേഖലയിലെ ജനങ്ങൾക്ക് യാതൊരുവിധ പ്രയോജനവുമില്ലാതെ നോക്കുകുത്തികളായി മാറിയിരിക്കുന്നു.

5. **ആരോഗ്യം:** തൊഴിലിടങ്ങളിലെ സുരക്ഷിതത്വമില്ലായ്മയും തെറ്റായ ജീവിതശൈലിയും പരിസരമലിനീകരണത്താലുള്ള കൊതുക് ശല്യം ഉൾപ്പെടെയുള്ള പ്രശ്നങ്ങളും ശുദ്ധജല ക്ഷാമവും പ്രളയക്കെടുതിയും ആരോഗ്യ രംഗത്തെ പ്രധാന വെല്ലുവിളികളാണ്. സങ്കേതങ്ങൾ കേന്ദ്രീകരിച്ച് നടത്തേണ്ടുന്ന മെഡിക്കൽ ക്യാമ്പുകൾ നടക്കുന്നില്ല, പുകവലി, മദ്യപാനം, മറ്റു ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവ ആരോഗ്യ മേഖലയിലെ ഗുരുതര പ്രശ്നങ്ങളാണ്. രാസവസ്തുക്കൾ ചേർത്ത മത്സ്യമാംസ വിൽപന (കേടുവരാതിരിക്കാൻ അമോണിയം ചേർത്ത ഐസിന്റെ ഉപയോഗം) കീടനാശിനി തളിച്ച പച്ചക്കറികൾ, പഴങ്ങൾ എന്നിവയൊക്കെ കൂടാതെ വേണ്ടത്ര വ്യായാമം ഇല്ലാത്തതും ആരോഗ്യ രംഗത്തെ പിന്നോട്ടടിക്കുന്നു.

**പരിഹാരങ്ങൾ**

- ഹൈസ്കൂൾതലം മുതൽ എൻട്രൻസ് പരീക്ഷകൾക്ക് പ്രാപ്തമാകത്തക്ക രീതിയിൽ പരിശീലനം നൽകണം.
- സ്മാർട്ട് ക്ലാസുകൾ വഴി വിദ്യാഭ്യാസ നിലവാരം ഉയർത്തണം. നേടുന്ന അറിവുകൾ ഗുണപരമാകണം. ക്ലാസ് വർഷാരംഭത്തിൽ പത്താം ക്ലാസ്സുവരെ ഒരു വിദ്യാർത്ഥിക്ക് 5000/– രൂപയിൽ കുറയാതെ ധനസഹായം ഒറ്റത്തവണയായി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം
- കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങണം. കോളനികൾ/സങ്കേതങ്ങൾ കേന്ദ്രീകരിച്ച് വിജ്ഞാനവാടികൾ ആരംഭിക്കണം.
- കോളനികളിൽ സ്ഥലമില്ലായെങ്കിൽ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്തുകളുടെ സ്ഥലത്ത് (ഷോപ്പിംഗ് കോംപ്ലക്സുകൾ ഉൾപ്പെടെ) ഇതിനുള്ള സൗകര്യം ഏർപ്പെടുത്തണം. എല്ലാ വിഭാഗം പട്ടികജാതി വിദ്യാർത്ഥികൾക്കും ഈ സൗകര്യം ലഭ്യമാക്കുകയും വേണം.
- ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടർ
- ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ട്യൂഷൻ സൗകര്യം കൂടാതെ പി എസ് സി കോച്ചിംഗ്
- ലൈബ്രറികളുടെ സ്ഥാപനം
- പഠനോപകരണ വിതരണം.
- ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം പലിശ രഹിത വിദ്യാഭ്യാസ വായ്പകൾ.
- പലിശ രഹിത വിദ്യാഭ്യാസ വായ്പകൾ

**അടിസ്ഥാന സൗകര്യ വികസനം**

പഞ്ചായത്തുകൾ വ്യക്തി, കുടുംബ കേന്ദ്രീകൃത വികസനത്തിലും പദ്ധതികളിലും തുക വിനിയാഗിക്കുക. ബ്ലോക്ക് അടിസ്ഥാന സൗകര്യ വികസനത്തിലും തുക വിനിയോഗിക്കുക. ജില്ലാ പഞ്ചായത്ത്, എം എൽ എ. എം പി ഇതിലേക്ക് ഫണ്ടുകളും ഇതിലേക്ക് ആവശ്യപ്പെടാവുന്നതാണ്. പട്ടികജാതി ജനസംഖ്യയുടെ ആനുപാതികമായി ഫണ്ട് വീതിക്കപ്പെടണം.

**തൊഴിലില്ലായ്മ**

പാരമ്പര്യ തൊഴിലുകൾ സംരക്ഷിക്കപെടണം

- തൊഴിലധിഷ്ഠിത കോഴ്സുകളിൽ പരിശീലനം ആവശ്യമാണ്.
- വ്യക്തിഗത തൊഴിൽ വായ്പകൾ 60 % സബ്സിഡിയോടെ നൽകണം.
- ഗ്രൂപ് സംരംഭങ്ങൾക്ക് പരമാവധി ധനസഹായം ആവശ്യം.
- പുരുഷൻമാർക്കും സ്ത്രീകൾക്കും പ്രത്യേക ഗ്രൂപ്പ് സംരംഭങ്ങളാകാം
- സേനാ വിഭാഗങ്ങളിലേക്ക് യുവാക്കൾക്ക് പ്രവേശനം കിട്ടുന്ന രീതിയിൽ തൊഴിൽ പരിശീലനങ്ങൾ ആവശ്യമാണ്
- കാർഷിക മേഖലയിൽ ജൈവകൃഷി സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കണം. കാലി >വളർത്തൽ ഫാമുകൾ തുടങ്ങൽ (പശു, ആട്, കോഴി) സംരംഭങ്ങൾക്ക് വർദ്ധിച്ച സബ്സിഡിയോടെ ധനസഹായം നൽകണം
- സ്ത്രീ സ്വാശ്രയ സംഘങ്ങൾ വഴി പാള പ്ലേറ്റ് നിർമ്മാണം, ചോക്ലേറ്റ് നിർമ്മാണം. തുണി സഞ്ചികളുടെ നിർമ്മാണം, നാളികേര ഉൽപന്നങ്ങളായ നീര, തേങ്ങാപാൽ, ഇളനീർ, വെന്ത വെളിച്ചെണ്ണ, ചിരട്ട കൊണ്ടുള്ള കരകൗശല വസ്തുക്കൾ, ചകിരിച്ചോർ ചവിട്ടികൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പരിശീലനവും ഉൽപാദനവും നടപ്പിലാക്കണം. സോപ്പ പൊടി നിർമ്മാണം. വിവിധ തരം സ്ക്വാഷുകൾ തുള്ളി നീലം, സോപ്പുകൾ, ബയോ കമ്പോസ്റ്റ് നിർമ്മാണം എന്നിവയിൽ പരിശീലനവും നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായവും അനിവാര്യമാണ്.

**കുടിവെള്ളം**

- സ്ഥായിയായ കുടിവെള്ള പദ്ധതികൾ ആവശ്യമാണ്.
- മഴവെള്ള സമഭരണികൾ കോളനികൾ കേന്ദ്രീകരിച്ച്
- പണ്ടാരമാട് ഭാഗത്തെ 3 കുടിവെള്ള പദ്ധതികൾ പുനഃക്രമീകരിച്ച് ഉപയുക്തമാക്കണം .
- എല്ലാ എസ് സി ഭവനങ്ങളിലും കുടിവെള്ള ടാങ്കുകൾ
- പരമാവധി സ്ഥലത്ത് മഴക്കുഴി നിർമ്മാണം
- തീര മേഖലയിൽ കായൽ ജലം ശുദ്ധീകരിച്ച് കുടിവെള്ള വിതരണം ഫണ്ടുകൾ സംയോപിച്ച് വലിയ പദ്ധതികൾ പൂർത്തിയാക്കാം
- കുടിവെള്ള പദ്ധതികളിൽ പരമാവധി പ്രാദേശിക പങ്കാളിത്തം ആവശ്യമാണ്.

**ആരോഗ്യം**

- ശുദ്ധജല ലഭ്യത ഉറപ്പാക്കൽ
- ജൈവ പച്ചക്കറികളുടെ ഉൽപാദനം
- മുട്ട, പാൽ വിതരണം വർദ്ധിപ്പിക്കുക
- പകുതി വിലയ്ക്ക് നിർധനരായ കുടുംബങ്ങൾക്ക് വിതരണം നടത്തുക
- മെഡിക്കൽ ക്യാമ്പുകൾ കോളനി സങ്കേതങ്ങളിൽ മൂന്നു മാസത്തിലൊരിക്കൽ നടത്തണ്
- കൊതുക് ശല്യം ഒഴിവാക്കാൻ ഫോഗിംങ്ങ്
- ലഹരി വസ്തുക്കൾക്കെതിരെ ബോഘവൽക്കരണ ക്യാമ്പുകൾ
- സങ്കേതങ്ങൾ കേന്ദ്രീകരിച്ച് വ്യായാമത്തിന് ട്രെഡ്മിൽ സ്ഥാപനം സ്ഥലസൗകര്യമില്ല എങ്കിൽ പട്ടികജാതി വിഭാഗത്തിന് നീക്കി വെച്ച് ഷോപിംഗ് കോംപ്ലക്സുകളിൽ ഇതിന് സൗകര്യമൊരുക്കാവുന്നതാണ്.

- വൃദ്ധജനങ്ങൾക്ക് ഗുണമേന്മയുള്ള കട്ടിൽ കൂടാതെ ഊന്നുവടി, കുട എന്നിവ നൽകാം
- വൃത്തിയുള്ള ഭക്ഷണത്തിനായി വൃത്തിയുള്ള അടുക്കള നിർമ്മിക്കുന്നതിലേക്ക് ധനസഹായം
- ജീവിതശൈലി രോഗ ബോധവൽക്കരണ ആരോഗ്യ ക്യാമ്പുകൾ

**9. വനിതാ വികസനം**

നാടിന്റെ വികസനത്തിൽ വനിതകൾക്കുള്ള പങ്ക് വളരെ പ്രധാനമാണ്. സ്ത്രീകളുടെ അന്തസ്സ് പദവി, സുരക്ഷ, സ്വയം പര്യാപ്തത എന്നിവ ഉറപ്പ് വരുത്തേണ്ടത് വളരെ അത്യാവശ്യമാണ്. സ്ത്രീ കളുടെ ഉന്നമനത്തിനായി വിവിധ പദ്ധതകൾ ഏറ്റെടുത്ത് നടത്തിയിട്ടുങ്കിലും ഇന്നത്തെ സമൂഹത്തിലും വനിതകൾ ചൂഷണങ്ങൾക്കും പീഡനങ്ങൾക്കും വിധേയമാകുന്നുണ്ട്. വിധവകൾ, അവിവാഹിതരായ അമ്മമാർ, വിവാഹ മോചിതർ, ഭിന്നശേഷിക്കാർ എന്നിങ്ങനെ ദുരിതമനുഭവിക്കുന്ന വനിതകൾ നമ്മുടെ ചുറ്റിലും ധാരാളമുണ്ട്. ഇക്കൂട്ടർക്ക് സർക്കാർ ക്ഷേമപെൻഷനുകളും സ്കോളർഷിപ്പും നൽകി വരുന്നുണ്ട്. സ്ത്രീകളുടെ സംരക്ഷണം, സ്ത്രീ സമത്വം, സ്ത്രീ ശാക്തീരണം സ്വയം തൊഴിൽ സംരംഭങ്ങൾ, സാമ്പത്തിക പരിരക്ഷ എന്നിവ നേടിയെടുക്കുകഎന്ന ലക്ഷ്യത്തോടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച വരുന്നു.

**10. ആരോഗ്യം**

ചികിത്സക്കായി പൊതുജനങ്ങൾ ഇപ്പോഴും കൂടുതൽ ആശ്രയിക്കുന്നത് സ്വകാര്യ മേഖലയെയാണ്. സ്വകാര്യ മേഖലയുടെ കടന്നു കയറ്റവും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുടെ വർദ്ധനവും മൂലം ജനങ്ങളെ കൂടുതൽ ചൂഷണം ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടാക്കുന്നു. അതിനാൽ തന്നെ ആളോഹരി ചികിത്സാ ചിലവും വളരെ കൂടുതലാണ്. ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത സേവനവും സൗകര്യങ്ങളും സർക്കാർ മേഖലയിൽ വേണ്ടത്ര ലഭ്യമല്ലാത്തതിനാലാണ് ജനങ്ങൾ സ്വകാര്യ മേഖലയെ കൂടുതൽ ആശയിക്കുന്നതിന് കാരണമാകുന്നത്.

എന്നാൽ അടുത്ത കാലത്തായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകളും ആരോഗ്യ വകുപ്പിന്റെ ഫണ്ടുകളും എം എൽ എ, എം പി ഫണ്ടുകളും ധാരാളമായി ഉപയോഗപ്പെടുത്തി കൊണ്ട്സർക്കാർ സ്ഥാപനങ്ങളുടെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ വളരെയധികം മെച്ചപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചതിനൊപ്പം ആധുനിക ചികിത്സാ സൗകര്യങ്ങളും നൂതന പരിശോധനാരീതികളും ലാബോറട്ടറി സൗകര്യങ്ങളും കുറഞ്ഞ ചിലവിൽ സർക്കാർ സ്ഥാപനങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. അതോടൊപ്പം തന്നെ കേരള സർക്കാരിന്റെ ആർദ്രം മിഷന്റെ ഭാഗമായി ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ രോഗി സൗഹൃദ കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ സർക്കാർ ആശ്രയിയ്ക്കുന്നവരുടെ എണ്ണത്തിൽ മുമ്പത്തേക്കാൾ അധികം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ഭൗതികവും ഗുണപരവുമായ ധാരാളം മാറ്റങ്ങൾ ഇനിയും സർക്കാർ മേഖലയിൽ വരുത്തേണ്ടതുണ്ട്.

ആധുനിക വൈദ്യശാസ്ത്രത്തെയാണ് ജനങ്ങൾ ചികിത്സക്കായി കൂടുതൽ ആശ്രയിക്കുന്നത്. ആയുർവ്വേദ ഹോമിയോ വിഭാഗത്തേയും ധാരാളം പേർ ആശ്രയിക്കുന്നുണ്ട്. അലോപതി രംഗത്തെ സർക്കാർ സ്ഥാപനങ്ങളെ ഗുണനിലവാരം, വൃത്തി ആരോഗ്യ രംഗത്തെ ക്രിയാത്മകമായ ഇടപെടൽ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ എന്നിവ മാനദണ്ഡമാക്കി ജില്ലാ, സംസ്ഥാന, ദേശീയ തലങ്ങളിൽ വിവിധ പുരസ്കാരങ്ങൾ ഏർപ്പെടുത്തിയതിന്റെ ഫലമായിമത്സരാടിസ്ഥാനത്തിൽ തന്നെ പല സർക്കാർ സ്ഥാപനങ്ങളും അടിസ്ഥാന ഭൗതിക ഗുണനി ലവാരങ്ങളിൽ വളരെയേറെ മുന്നേറിയിട്ടുണ്ട്. സ്വകാര്യ മേഖലയിലെ ചികിത്സാ സ്ഥാപനങ്ങളേക്കാൾ ഒരുപടി മുന്നിലായി പല സർക്കാർ സ്ഥാപനങ്ങളും എത്തിയിട്ടുണ്ട്.

വർഷകാലത്തോടനുബന്ധിച്ച് പകർച്ചവ്യാധിയും വയറിളക്കം ഉൾപ്പെടെയുള്ള ജലജന്യ രോഗങ്ങളും കൊതുകുജന്യ രോഗങ്ങളും എല്ലാ വർഷവും ബ്ലോക്ക് പ്രദേശത്ത് കൂടുതലായില്ലെങ്കിലും കണ്ടു വരുന്നുണ്ട്. ശുദ്ധജലത്തിന്റെ ദൗർലഭ്യവും ജലസ്രോതസ്സുകൾ മലിനപ്പെടുന്നതും ജലജന്യ രോഗങ്ങൾക്ക് ആക്കം

കൂട്ടമെങ്കിലും മുൻവർഷത്തെ അപേക്ഷിച്ച് കഴിഞ്ഞ വർഷത്തിൽ മഞ്ഞപ്പിത്ത ബാധയിൽ വളരെ കുറവുണ്ടായിട്ടുണ്ട്. ഡെങ്കിപ്പനി ഉൾപ്പെടെയുള്ള ജന്തുജന്യ രോഗങ്ങളും ബ്ലോക്ക് പ്രദേശത്ത് ധാരാളമായി ഉണ്ടായിട്ടില്ലെങ്കിലും അവയ്ക്കെതിരെ ജാഗ്രത പാലിക്കേണ്ടത് അത്യാവശ്യം തന്നെയാണ്. ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിന്റെ അഭാവവും ജലസ്രോതസ്സുകളും പൊതു നിരത്തു കളും ഓടകളും മാലിന്യ നിക്ഷേപ കേന്ദ്രങ്ങൾ ആകുന്നതും നികത്തപ്പെടുന്നതും എച്ച്1, എൻ1 ഉൾപ്പെടെയുള്ള വായുജന്യ രോഗങ്ങളും നിയന്ത്രണാധീനമായെന്ന കരുതിയിരുന്ന ഡിഫ്തീരിയ ഉൾപ്പെടെയുള്ള രോഗങ്ങളും ഇടയ്ക്കിടെ ഭീഷണി ഉയർത്തുന്നുണ്ട്. ക്ഷയരോഗം കുഷ്ഠരോഗം എന്നിവ നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രത്യേക പദ്ധതികൾ നടത്തിയതിന്റെ ഫലമായി സമൂഹത്തിലെ ചികിത്സപെടാതെയോ അറിയപ്പെടാതെയോ പോകുമായിരുന്ന പല കേസുകളും കണ്ടെത്താനും ചികിത്സിച്ച് ഭേദമാക്കാനും രോഗപ്പകർച്ച തടയുവാനും കഴിഞ്ഞിട്ടുണ്ട്. പകർച്ച വ്യാധികൾ പിടിപെടുന്ന പലരും ചികിത്സയ്ക്കായി സ്വകാര്യ മേഖലയെ ആശ്രയിക്കുന്നതിനാൽ ആരംഭത്തിലേ അറിയുവാൻ കഴിയുന്നില്ല അതിനാൽത്തന്നെ രോഗത്തിന്റെ ഉറവിടം കണ്ടുപിടിയ്ക്കുവാനും നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിയ്ക്കുവാനും വൈകുന്നതിനാൽ രോഗപ്പകർച്ചയ്ക്ക് ആക്കം കൂട്ടുന്നു. പകർച്ച വ്യാധികളെ നിയന്ത്രിയ്ക്കേണ്ടത് ഉത്തരവാദിത്വമാണെന്ന ബോധം പൊതുജനങ്ങൾക്ക് ഉണ്ടാകേണ്ടതാണ്.

കേരള സമൂഹത്തിന് വെല്ലുവിളിയായിക്കൊണ്ടിരിയ്ക്കുന്ന ജീവിതശൈലീ രോഗങ്ങളും അവ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളും ഈ ബ്ലോക്ക് പ്രദേശത്തും പ്രധാന പ്രശ്നം തന്നെയാണ്. 30 വയസ്സിനു മുകളിലുള്ള നല്ലൊരു ശതമാനം ആളുകളും പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ എന്നിവയ്ക്ക് അടിമപെട്ടവരാണ്. ഭക്ഷണ രീതിയിൽ വന്ന മാറ്റവും വ്യായാമ രഹിതമായ ജീവിത രീതിയും ജീവിതശൈലീ രോഗങ്ങൾക്ക് ആക്കം കൂട്ടുന്നു. ബേക്കറി സാധനങ്ങളുടെ ഉപയോ ഗത്തിലുള്ള വർദ്ധനവും ഫാസ്റ്റ് ഫുഡ് സംസ്കാരവും, മാംസം, എണ്ണയിൽ വറുത്ത സാധനങ്ങളുടെ വർദ്ധിച്ച ഉപയോഗവും ജീവിതശൈലീ രോഗങ്ങളുടെ വർദ്ധനവിന് കാരണമാകുന്നു. മായം കലർന്ന ഭക്ഷണ സാധനങ്ങൾ, പച്ചക്കറി ഉൽപന്നങ്ങളിലെ കീടനാശിനി പ്രയോഗം, ഭക്ഷണ പദാർത്ഥങ്ങൾ സംസ്കരിക്കുന്നതിന് ഉപയോഗിക്കുന്ന രാസപദാർത്ഥങ്ങൾ, പ്ലാസ്റ്റിക്കിന്റെ ഉപയോഗം എന്നിവ കാൻസറിന്റെ വർദ്ധനവിന് കാരണമാകുന്നു. കാൻസർ രോഗത്തിന്റെ വർദ്ധനവും അതുണ്ടാക്കുന്ന ചികിത്സാ സാമ്പത്തിക പ്രശ്നങ്ങളും വളരെയേറെയാണ്. സമൂഹത്തിൽ വൃക്ക രോഗികളിൽ ഉണ്ടായ വർദ്ധനവും ആശങ്കയുണ്ടാക്കുന്നതാണ്.

നാലു പഞ്ചായത്തുകളിലും ആഴ്ചയിലൊരിക്കൽ വീതം നടക്കുന്ന ജീവിതശൈലി രോഗ നിർണ്ണയ ക്ലിനിക്കുകൾ സമൂഹത്തിലെ എല്ലാവർക്കും വളരെയധികം ഉപയോഗപ്പെടുന്നുണ്ട്. കൃത്യമായ നേരത്തെയുള്ള രോഗനിർണ്ണയത്തിനും തുടർചികിത്സക്കും ഉപയോഗപ്പെടുത്തുമ്പോൾ തന്നെഭക്ഷണ നിയന്ത്രണം വ്യായാമം എന്നിവയിലൂടെ ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിയ്ക്കുന്നതിനും സാധിയ്ക്കുന്നുണ്ട്. കൃത്യമായ രോഗനിർണ്ണയവും ചികിത്സയും സർക്കാർ മേഖലയിൽ ലഭ്യമാക്കിയതിനാൽ ഈ കാര്യങ്ങൾക്ക് സ്വകാര്യ മേഖലയെ ആശ്രയിക്കുന്നതിൽ വളരെ കുറവുണ്ടായിട്ടുണ്ട്. മാത്രമല്ല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ ഉപയോഗപ്പെടുത്തി കൊണ്ട് വാർഡുതലത്തിൽ ജീവിതശൈലി രോഗ നിർണ്ണയ ക്ലിനിക്കുകൾ നടത്തുകയും രോഗ നിയന്ത്രണത്തിനായി യോഗാ പരിശീലന ക്ലാസ്സുകൾ ആരംഭിയ്ക്കുകയും ചെയ്തിട്ടുണ്ട്. ജീവിതശൈലി രോഗങ്ങൾ നേരത്തെ കണ്ടുപിടിക്കേണ്ടത് ആവശ്യമായതിനാൽ രോഗ നിർണയം കൂടുതൽ കാര്യക്ഷമമാക്കേണ്ടതും ജൈവഭക്ഷണ പദാർത്ഥങ്ങൾ കൂടുതൽ വ്യാപിപ്പിയ്ക്കേണ്ടതും ആവശ്യമാണ്.

പുകയില ഉൽപ്പന്നങ്ങളുടെ ശേഖരണത്തിലും വിൽപ്പനയിലും ഉപയോഗത്തിലും ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ മൂലം പുകയില ഉൽപന്നങ്ങളുടെ ഉപയോഗത്തിൽ കാര്യമായ കുറവ് ഉണ്ടായിട്ടുണ്ടെങ്കിലും ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിൽ വളരെയധികം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടാതെ ഉപയോഗിക്കാമെന്ന സൗകര്യം മൂലം സ്കൂൾ കോളേജ് വിദ്യാർത്ഥികളിലും ചെറുപ്പക്കാരിലും അടുത്ത കാലത്തായി ലഹരി മരുന്നിന്റെ ഉപയോഗത്തിൽ വൻ വർദ്ധനവ് ഉണ്ടായിട്ടുള്ളത് ആശങ്കാജനകമാണ്. നിയമപാലകരുടെ കണ്ണിൽപെടാതെ വ്യത്യസ്ത രൂപത്തിലും ഭാവത്തിലും ലഹരി മരുന്നുകൾ വ്യാപിപ്പിയ്ക്കുന്നതിനും സമൂഹത്തിലെ യുവതലമുറയെ ലഹരി മരുന്ന വാഹകരായി ഉപയോഗപെടുത്തുന്നതും കൂടി വരുന്നത് ആശങ്കയുണ്ടാക്കുന്നതാണ്. അണുകുടുംബ വ്യവസ്ഥിതിയിലെ

പ്രശ്നങ്ങളും ലഹരി-പുകയില-മദ്യം ഉപയോഗവും മൂലം സ്കൂൾ വിദ്യാർത്ഥികളിലും സമൂഹത്തിലും മാനസിക പ്രശ്നങ്ങളും ആത്മഹത്യകളും കൂടി വരുന്നതായി കാണുന്നു.

സമൂഹത്തിലെ പ്രധാന ആരോഗ്യ പ്രശ്നമാണ് ഇന്ന് മാലിന്യം ഉയർത്തുന്ന പ്രശ്നങ്ങൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഓരു വെള്ളം, ഉപ്പ് വെള്ളം എന്നിവയാൽ കുടിവെള്ളം മലിനപ്പെടുന്നത്, കുടിവെള്ള സ്രോതസ്സുകളും ജലാശയങ്ങളും മലിനപ്പെടുന്നത്. പൊതു സ്ഥലങ്ങളിലെ മാലിന്യ നിക്ഷേപം, ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന്റെ അഭാവം, ശുദ്ധജലത്തിന്റെ അഭാവം തുടങ്ങിയവയൊക്കെ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി പകർച്ച വ്യാധികളുടെ കണക്കുകൾ വ്യക്തമാക്കുന്നു. ജലജന്യരോഗങ്ങൾ, കൊതുകുജന്യ രോഗങ്ങൾ, എലിപ്പനി തുടങ്ങിയ പകർച്ച വ്യാധികളുടെ വർദ്ധനവിൽ മാലിന്യ പ്രശ്നങ്ങൾക്ക് പ്രധാന പങ്കുണ്ട്.

സ്കൂൾ കുട്ടികളുടെ പരിശോധനയിൽ വ്യക്തമാകുന്നത് നല്ലൊരു ശതമാനം കുട്ടികളും വിളർച്ചാ രോഗം ബാധിച്ചവർ ആണെന്നാണ്. ബേക്കറികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവും ബേക്കറി സാധനങ്ങളുടെ അമിതമായ ഉപയോഗവും അനാരോഗ്യകരമായ ഭക്ഷണ രീതിയും വഴിയായി സ്കൂൾ കുട്ടികളുടെ അമിത ഭാരത്തിനും ദുർമേദസ്സിനും ഇടയായിട്ടുണ്ട്. വിദ്യാർത്ഥികളിലെ കാര്യക്ഷമതയ്ക്കും വ്യായാമത്തിന്റെ ആവശ്യത്തിനും ഇവ നിർബന്ധമാക്കുന്നു. ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കുവാനും അനാരോഗ്യകരമായ ഭക്ഷണ രീതികൾ ഉപേക്ഷിയ്ക്കുവാനും കുട്ടികളെ നിർബന്ധിക്കേണ്ടതുണ്ട്. പോഷകാഹാരക്കുറവുള്ള കുട്ടികളും ഭാരക്കുറവുള്ള കുട്ടികളും സമൂഹത്തിൽ ഉണ്ടാകുന്നുണ്ട് എന്നുകൂടി ആശങ്കാജനകമായ കാര്യമാണ്.

**കിടപ്പിലായ രോഗികളുടെ പ്രശ്നങ്ങൾ**

ബ്ലോക്ക് പരിധിയിലെ 4 പഞ്ചായത്തുകളിലും സാന്ത്വന പരിചരണ പദ്ധതി നല്ല രീതിയിൽനടന്നു വരുന്നുണ്ട്. കിടപ്പിലായ രോഗികൾ, ദീർഘ ചികിത്സ ആവശ്യമായ രോഗികൾ എന്നിവർ മുമ്പത്തേക്കാൾ കൂടുതൽ സാന്ത്വന പരിചരണം ഇപ്പോൾ ലഭ്യമാകുന്നുണ്ട്. പ്രവർത്തകർക്കും സ്കൂൾ വിദ്യാർത്ഥികൾക്കും പരിശീലനം നൽകി അവരെക്കൂടി സാന്ത്വന പരിചരണത്തിൽ പങ്കാളികളാക്കുകയും ചെയ്യുന്നുണ്ട്. മുല്ലശ്ശേരി സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ദ്വിതീയ പരിചരണം ആരംഭിയ്ക്കുകയും ചെയ്തത് ഈ രംഗത്ത് വളരെ ഉപകാരപ്രദമാണ്.

**മുതിർന്ന പൗരന്മാരുടെ ആരോഗ്യം**

ജനസംഖ്യയിൽ 25% ൽ അധികവും ഇപ്പോൾ മുതിർന്ന പൗരന്മാരാണ്. അണുകുടുംബ ജീവിത രീതിയും മക്കളുടെ വിവാഹ തൊഴിൽ ലഭ്യത മൂലവും സമൂഹത്തിൽ ഒറ്റപ്പെടുന്ന അവസ്ഥ മൂലവും ഇവർക്കുണ്ടാകുന്ന ശാരീരിക മാനസിക പ്രശ്നങ്ങൾക്ക് പരിഹാരമാകുന്ന കാര്യങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുണ്ട്. മുതിർന്ന പൗരന്മാരുടെ കൂട്ടായ്മകൾ രൂപീകരിക്കുകയും അവരുടെ അറിവും അനുഭവ പ്രവൃത്തി പരിചയവും സമൂഹത്തിന് ഉപയോഗപ്രദമായി ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

ബ്ലോക്ക് പ്രദേശത്ത് ഇതര സംസ്ഥാന തൊഴിലാളികളുടെ വർദ്ധിച്ച സാന്നിദ്ധ്യം അവർക്കിടയിലും തദ്ദേശീയരുടെ ഇടയിലും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇവർ പലതരം പകർച്ചവ്യാധികളുടെ വാഹകർ ആണ് എന്നതും ഇവരിൽ പലരും ഭക്ഷണ സാധനങ്ങൾ ഉണ്ടാക്കുന്ന സ്ഥാപനങ്ങളിൽ ജോലിക്കാരാണ് എന്നുള്ളതും കാര്യത്തിന്റെ തീവ്രത വർദ്ധിപ്പിയ്ക്കുന്നു. ശുചിത്വ മാനദണ്ഡങ്ങൾ പാലിയ്ക്കാത്ത ഇവരുടെ വാസസ്ഥലങ്ങളും രോഗപ്രതിരോധ കുത്തിവെയ്പുകൾ യഥാസമയം എടുക്കാത്ത ഇവരുടെ കുട്ടികളുടെ സാന്നിദ്ധ്യവും പകർച്ച വ്യാധികളുടെ വ്യാപനത്തിന് കാരണമാകുന്നു. രോഗ നിർമ്മാർജ്ജനത്തിനായി ധാരാളം പദ്ധതികൾ നടപ്പിലാക്കുമ്പോഴും ഇവർക്കിടയിൽ ധാരാളമായി മന്ത്, മലമ്പനി, കുഷ്ഠ രോഗികളെ കണ്ടെത്തുന്നുവെന്നത് പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളെ പിന്നോട്ടടിയ്ക്കുന്നു. ഇവരുടെ വാസസ്ഥലത്തിന്റെ പ്രശ്നങ്ങൾ, കൃത്യമായ കണക്കുകൾ,

പകർച്ച വ്യാധികൾ ഉണ്ടാകുമ്പോൾ കൃത്യമായ ചികിത്സയെടുക്കൽ, യഥാസമയങ്ങളിലെ വൈദ്യപരിശോധന എന്നിവ നടത്തേണ്ടതുണ്ട്.

മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിനു കീഴിലെ സാമൂഹിക ആരോഗ്യ കേന്ദ്രം വഴിപൊതുജനാരോഗ്യ പരിരക്ഷ ലക്ഷ്യമാക്കി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും രോഗ നിർണ്ണയ പ്രതിരോധ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. ജനങ്ങളുടെ ജീവിത രീതിയിലുള്ള മാറ്റം, ഭക്ഷണ ശീലം, വ്യായാമക്കുറവ് എന്നീ കാരണങ്ങളാൽ ജീവിത ശൈലീ രോഗങ്ങളുടെ വൻവർദ്ധനവ് ഉണ്ടായിട്ടുണ്ട്. പക്ഷാഘാതം, ഹൃദ്രോഗം എന്നിവ ബാധിച്ചവരുടെ എണ്ണത്തിൽ ആണ് ഈ വർദ്ധന ഉണ്ടായിട്ടുള്ളത് എന്നു കാണാം. രോഗ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിച്ച് യോഗ പോലുള്ള പരിശീലനങ്ങളും കൃത്യമായ അവബോധം സൃഷ്ടിക്കലുമാണ് ഇക്കാര്യത്തിൽ ചെയ്യാനുള്ളത്. വൃക്ക രോഗം ബാധിച്ചവരുടെ എണ്ണവും അനുദിനം കൂടി വരുന്നു.

വയോജനങ്ങൾ നേരിടുന്ന സാമൂഹ്യമായ ഒറ്റപെടലും മാനസികവും ശാരീരികവുമായ ആരോഗ്യ പ്രശ്നങ്ങൾ പഠിക്കുന്നതിനും അറിയുന്നതിനും വയോജന സംഗമങ്ങൾ സംഘടിപ്പിക്കേണ്ടത് അത്യാവശ്യമാണ്. 2025-26 സാമ്പത്തിക വർഷത്തിൽ വയോജനങ്ങൾക്ക് മരുന്നു വാങ്ങുന്നതിനായി 400000/- രൂപ വകയിരുത്തിയിട്ടുണ്ട്.

ശുചിത്വ കുറവും മലിനമായ സാഹചര്യത്തിലുള്ള താമസവും പ്രതിരോധ പ്രവർത്തനങ്ങളുടേയും ചികിത്സയുടെ അഭാവവും ലഹരി വസ്തുക്കളുടെ ഉപയോഗവും പകർച്ച വ്യാധികൾ വ്യാപിക്കുന്നതിന് ഇടയാക്കുന്നു. ഇവർക്കായി രക്ത പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുകയും മലമ്പനി, മന്ത്, കുഷ്ഠം, എച്ച്ഐവി എന്നിവ കണ്ടെത്തുന്നതിനുള്ള പരിശോധനാ ക്യാമ്പുകളും സംഘടിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

സമൂഹത്തിൽ ഭിന്നശേഷിക്കാരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ജനിതക രോഗങ്ങൾ മൂലവും പാരമ്പര്യമായി ആർജ്ജിച്ചതും ഭക്ഷണ ജീവിത രീതികൾ മൂലവുമാണ് ഭിന്നശേഷിക്കാർ കൂടുന്നത്. ഇവർക്ക് വേണ്ടത്ര സാമൂഹിക പരിഗണന ലഭിക്കുന്നില്ല എന്നത് വസ്തുതയാണ്. രോഗി കുടുംബ സംഗമം ഘട്ടം ഘട്ടമായി നടത്തുക വഴി ഇവർക്ക് മാനസികോല്ലാസം ഉണ്ടാകുന്നു.

വനിതാ വാർഡ്, ശിശു സൗഹൃദ വാർഡ് എന്നിവയുടെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഐസൊലേഷൻ വാർഡ്, ആർദ്ര കേരളം അവാർഡ് തുക പ്രയോജനപ്പെടുത്തി 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സജ്ജീകരിച്ച ഡെന്റൽ ക്ലിനിക്ക് എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.

**11. കുടിവെള്ളം, ശുചിത്വം, മാലിന്യ സംസ്കരണം**

മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ജലാശയങ്ങളാൽ ചുറ്റപ്പെട്ടതാണെങ്കിലും ഇവയിൽ പലതും ഉപ്പിന്റെ അംശമുള്ളതും കുടിക്കാൻ ഉപയോഗയോഗ്യമല്ലാത്തതുമാണ്. ശുദ്ധജലക്ഷാമം ജനങ്ങളുടെ ആരോഗ്യപരമായ ജീവിതത്തെ വളരെയധികം ബാധിക്കുന്നതാണ്. ജനങ്ങൾക്ക് നിത്യോപയോഗത്തിനായി ദൂരെയുള്ള കുടിവെള്ള സ്രോതസ്സുകളെ ആശ്രയിക്കേണ്ടി വരുന്ന അവസ്ഥയാണുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിലായി നടപ്പിലാക്കി കൊണ്ടിരിക്കുന്ന വെങ്കിടങ്ങ് പഞ്ചായത്തിലെ എം എൻ ലക്ഷം വീട് കുടിവെള്ള പദ്ധതിയും മുല്ലശ്ശേരിപഞ്ചായത്തിലെ 'മുളഞ്ചേരി കുടിവെള്ള പദ്ധതിയും പൂർത്തീകരിക്കുന്നതോടെ ഈ പ്രദേശങ്ങളിലെജനങ്ങളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സാധിക്കും. തുടർന്നും ജലദൗർലഭ്യംഅനുഭവപ്പെടുന്ന പല മേഖലകളും മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുണ്ട്. ആയത്പരിഹരിക്കുന്നതിനായി കുടിവെള്ളത്തിനായുള്ള പദ്ധതികൾ രൂപകൽപന ചെയ്യേണ്ടതുണ്ട്. കഴിഞ്ഞ വാർഷിക പദ്ധതികൾ ഉൾപ്പെടുത്തി മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിനോട് ചേർന്നും ബ്ലോക്ക് സാമൂഹികാരോഗ്യ കേന്ദ്രത്തിലും തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാൻറ് സ്ഥാപിക്കാൻ കഴിഞ്ഞു. അതുവഴി ബ്ലോക്ക് പഞ്ചായത്തിന്റെയും മറ്റ് ഘടക സ്ഥാപനങ്ങളുടേയും ജൈവമാലിന്യ സംസ്കരണത്തിന് ഉപാധിയായി. മാത്രമല്ല ബ്ലോക്ക് വനിത

ക്യാൻറീനിലെ ജൈവമാലിന്യ സംസ്കരണത്തിനായി ബയോഗ്യാസ് പ്ലാന്റും മുൻ വാർഷിക പദ്ധതിയിലുൾപ്പെടുത്തി സാധിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ശുചിത്വവുമായി ബന്ധപ്പെട്ട് മുല്ലശ്ശേരി സി എച്ച് സിയിൽ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റും സമ്പൂർണ്ണ മാലിന്യ നിർമ്മാർജ്ജനം എന്നീ പ്രോജക്ടുകളും നടപ്പിലാക്കി വരുന്നു. ഇത്തരം പ്രവർത്തനങ്ങൾ വഴി ജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതോടൊപ്പം സാധിക്കുന്നതാണ്. ആരോഗ്യമുള്ള 63003 തലമുറയെ വാർത്തെടുക്കുവാൻ

മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ ശുദ്ധജല ദൗർലഭ്യം രൂക്ഷമായി അനുഭവിക്കുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ ഒട്ടേറെ പ്രവൃത്തികൾ സംരക്ഷണത്തിനായി ഏറ്റെടുത്തിട്ടുണ്ടെങ്കിലുംഒട്ടുമിക്ക പ്രദേശങ്ങളും തീരദേശമായതിനാൽ ജലാശയങ്ങളിലെ ഉപ്പുവെള്ളം പ്രശ്നത്തിന്റെ രൂക്ഷത വർദ്ധിപ്പിക്കുന്നു. ഇതുമൂലം കുടിവെള്ളത്തിനോ, കൃഷി ആവശ്യത്തിനോ ഉപയോഗിക്കാൻ മേഖലയിൽ അത്യാവശ്യമാണ്. മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ സാധിക്കുന്നില്ല. സാധ്യമായ എല്ലാ വകുപ്പുകളുടേയും ഏകോപനം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപെടുത്തി രണ്ട് പരമ്പരാഗത ജലസ്രോതസ്സുകളുടെ നവീകരണവും സംരക്ഷ സംഷനികൾ സ്ഥാപിച്ചും മഴക്കുഴി, പൊതുകുളങ്ങൾ എന്നിവ നിർമ്മിച്ചും ദീർഘവീക്ഷണത്തോടെ പദ്ധതികൾ ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപെടുത്തി ബ്ലോക്ക് അതിർത്തിയിലെ വീടുകളിൽ കിണർ റീചാർജിംഗ് നടത്തിയും ബി പി എൽ കുടുംബങ്ങൾക്ക് പുതിയ കിണർ നിർമ്മിച്ച് കൊടുത്തും കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് തീരപ്രദേശങ്ങളും, കുന്നിൻ പ്രദേശങ്ങളും, തോടുകളും, കുളങ്ങളും ഉൾപ്പെടുന്ന ഭൂപ്രകൃതിയാൽ അനുഗ്രഹീതമാണ്. കുടിവെള്ള ക്ഷാമമാണ് ബ്ലോക്കിനു കീഴിലുള്ളഎല്ലാ പഞ്ചായത്തുകളിലും നേരിടുന്ന പ്രധാന വെല്ലുവിളി. ആയതിനാൽ പ്രധാന സ്രോതസ്സുകളായ തോട്, കുളങ്ങൾ, കിണറുകൾ, നീർചാലുകൾ എന്നിവ സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ആയതിന്റെ ഭാഗമായി വേനൽക്കാലത്ത് മുഴവൻ തോടുകളും, കിണറുകളും, കുളങ്ങളും വൃത്തിയാക്കി ജലസംരക്ഷണം ഉറപ്പു വരുത്തുകയും ആയതു വഴി കുടിവെള്ള ക്ഷാമം പരിഹരിക്കുകയും വേണം. ജലലഭ്യത ഉറപ്പു വരുത്തുന്നതിന് മഴവെള്ള സംഭരണികൾ സ്ഥാപിക്കുന്നതിനും മഴ വെള്ളം ഭൂമിയിലേക്ക് ഇറങ്ങുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

ശുചിത്വത്തിന് ഏറ്റവും ഭീഷണിയായി നിലനിൽക്കുന്നത് പ്ലാസ്റ്റിക് ഉൽപന്നങ്ങളാണ്. ആയതിനാൽ പ്ലാസ്റ്റിക് നിർമ്മാർജനവും, പുനരുപയോഗവും സമ്പൂർണ ശുചിത്വത്തിന്റെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കേണ്ടതാണ്. പഞ്ചായത്തുകളിലെ മാർക്കറ്റുകളും ശുചീകരിക്കേണ്ടതുണ്ട്.

**12. വിദ്യാഭ്യാസം, കല-സംസ്കാരം, യുവജനകാര്യം**

ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഗ്രാമം ജില്ലാ പഞ്ചായത്തുകളിൽ നിന്നും വ്യത്യസ്തമായിബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ കൈമാറ്റം ചെയ്യപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരുന്നില്ല. ആയതുകൊണ്ട് വിദ്യാഭ്യാസ മേഖലയുടെ വികസനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് കാര്യമായ ഇടപെടൽ നടത്തുവാൻ സാധിക്കുന്നില്ല എങ്കിലും 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ പരിമിതിക്കുള്ളിൽ നിന്നു കൊണ്ടു തന്നെ വിവിധ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് റിട്ടോറിയസ് സ്കോളർഷിപ്പ് നൽകി വരുന്നു. കഴിഞ്ഞ 3 വർഷ കാലയളവിൽ ഇത്തരത്തിൽ 18 ലക്ഷം രൂപ പദ്ധതി വിഹിതം ചെലവഴിച്ചിട്ടുണ്ട്. കൂടാതെ അനൗപചാരിക വിദ്യാഭ്യാസ വികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന രണ്ട് തുടർ വിദ്യാകേന്ദ്രങ്ങൾ വഴി വരെയുള്ള തുല്യതാ പഠന ക്ലാസും പരീക്ഷയും നടത്തി തുല്യതാ സർട്ടിഫിക്കറ്റ് നൽകി വരുന്നു.

കലാ-സാംസ്കാരിക രംഗത്ത് ബ്ലോക്ക് പഞ്ചായത്തിന് വളരെ പ്രശംസനീയമായ സ്ഥാനമാന ഉള്ളത്. പ്രദേശത്തിന്റെ തനത് കലാ രൂപങ്ങളായ തിറ, കാളകളി, കുതിരകളി, മുടിയേറ്റ്, ചെറു നീലിയാട്ടം

മുതലായവ ഇന്നും സജീവമാണ്. കൂടാതെ കുടുംബ ക്ഷേത്രങ്ങളിൽ നടന്നു വരുന്നതോറ്റം പാട്ട്, പുള്ളുവൻപാട്ട്, വിവിധ കളപ്പാട്ടുകൾ എന്നിവ ഒരു വിഭാഗം ജനതയുടെ ആവി ഷ്ക്കാരങ്ങളായി ഇന്നും നിലനിൽക്കുന്നു.

കലാ-സാംസ്കാരിക മേഖലകളിലെ പ്രതിഭകളെ കണ്ടെത്തി പ്രസ്തുത കലാ രൂപങ്ങളെ പുനരുജ്ജീവിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്നതിനു വേണ്ടി ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ നടത്തി വരുന്നു. ഇതിൻ്റെ ഭാഗമായി വജ്ര ജൂബിലി കലാകാരന്മാർക്ക് 2025-2026 സാമ്പത്തിക വർഷത്തിൽ 400000/- രൂപ വകയിരുത്തിയിട്ടുണ്ട്. യുവ ജനങ്ങളുടെ കലാകായിക പ്രോത്സാഹനത്തിനായി വർഷംതോറും ജനകീയ യൂത്ത് ക്ലബ്ബുകളുടെ സഹകരണത്തോടെ ബ്ലോക്കുതല കേരളോത്സവം നടത്തി വരുന്നു. ബ്ലോക്കുതല മത്സരങ്ങളിലും ജില്ലാ കേരളോത്സവത്തിലും വിജയിച്ചവരെ ആദരിച്ചുവരുന്നു.

യുവജനങ്ങളിലെ കലാ കായികാഭിരുചി പരിപോഷിപ്പിക്കുന്നതിനായി സംസ്ഥാന യുവജനക്ഷേമ ബോർഡുമായി സഹകരിച്ച് ബ്ലോക്ക് തല കേരളോത്സവം നടത്തി വരുന്നു. 2022-23 സാമ്പത്തിക വർഷം വാർഷിക പദ്ധതികളിലുൾപ്പെടിത്തി കേരളോത്സവം നടത്തിപ്പിനായി 1,50,000/- രൂപ വകയിരുത്തിയിട്ടുണ്ട്. 2023-24, 2024-25, 2025-26 എന്നീ വർഷങ്ങളിലും 1,50,000/- രൂപവകയിരുത്തിയിരുന്നു. 2026-27 സാമ്പത്തിക വർഷത്തിലും 1,50,000/- രൂപ മേൽ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. ബ്ലോക്ക് പ്രദേശത്ത് കായിക വികസനം സാധ്യമാക്കുന്നതിന് ഫുട്ബോൾ ക്രിക്കറ്റ്, കബഡി, വോളീബോൾ എന്നീ ഇനങ്ങളിൽ ഗെയിംസ് ഫെസ്റ്റിവൽ നടത്തുന്നതിന് 2019-20 സാമ്പത്തിക വർഷത്തിൽ 120000/- രൂപ പദ്ധതി വിഹിതം വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി വഴി യുവജനങ്ങളുടെ ശാരീരിക മാനസിക ആരോഗ്യം വർദ്ധിപ്പിക്കുന്നതിനും യുവജന ക്ലബുകൾ തമ്മിലുള്ള സഹകരണം വിപുലീകരിക്കുന്നതിനും യൂത്ത് ക്ലബുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണം സാധ്യമാക്കുന്നതിനും ഗ്രാമസഭ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുടെ ഗുണപരത ഉയർത്തുവാനും ലക്ഷ്യമിടുന്നു.

**13. ദുരന്ത നിവാരണം, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ജൈവവൈവിധ്യ മാനേജ്മെന്റ്**

കേരളത്തിൽ 2018 ൽ ഉണ്ടായ സമാനതകളില്ലാത്ത പ്രളയം മൂലം വൻ നാശനഷ്ടങ്ങൾ സംഭവിച്ചതിന്റെ പശ്ചാത്തലത്തിൽ പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും പ്രകൃതിദുരന്തങ്ങൾ സംഭവിക്കുമ്പോൾ ഫലപ്രദമായി നേരിടുന്നതിനു വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ച പുതിയ വർക്കിംഗ് ഗ്രൂപ്പാണ് ഇത്. ആയതിന്റെ അടിസ്ഥാനത്തിൽ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിലും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും 10 അംഗങ്ങളെ ഉൾപ്പെടുത്തി ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം നടത്തി വരുന്നു.

2019 ൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പ്രളയം വലിയ നാശനഷ്ടങ്ങൾ വരുത്തിയില്ലെങ്കിലും പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുക വഴി ഫലപ്രദമായി ദുരന്തത്തെ നേരിടുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങളെ നേരിടുവാൻ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സാമൂഹ്യ-സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ ആശാ പ്രവർത്തകർ. യുവജന ക്ലബ് അംഗങ്ങൾ, എന്നിവരുടെ ഒരു സേനയെ സജ്ജമാക്കുന്നതിന് വർക്കിംഗ് ഗ്രൂപിന്റെ പ്രവർത്തന ഫലമായി കഴിഞ്ഞിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം ലോക രാഷ്ട്രങ്ങൾക്കിടയിൽ ഈ നൂറ്റാണ്ടിലെ പ്രധാന ചർച്ചാ വിഷയമാണ്. വർഷം തോറും നമ്മുടെ നാട്ടിലും ഉയർന്നു വരുന്ന ചൂട് നിയന്ത്രിക്കേണ്ടത് മനുഷ്യരുടേയും ജീവജാലങ്ങളുടേയും വൃക്ഷ സസ്യലതാദികളുടേയും നിലനിൽപിന്റെ ആവശ്യകതയാണ് ബ്ലോക്ക് പഞ്ചായത്തിൻ്റെ പരിധിയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നഴ്സറി നിർമ്മാണവും വൃക്ഷത്തൈകൾവെച്ച് പിടിപ്പിക്കലും അതീവ പ്രാധാന്യത്തോടെ നടപ്പിലാക്കി കൊണ്ടിരിക്കുന്നു.

കണ്ടൽക്കാടുകൾ സംരക്ഷിച്ച് പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തേണ്ട പ്രോജക്ടുകൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. ഇത്തരം പ്രോജക്ടുകൾ രൂപീകരിക്കുവാനും നടപ്പിൽ വരുത്തുവാനും വാർഷിക

പദ്ധതി ലക്ഷ്യമിടുന്നു. മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ ഉദ്ഘാടന പരിപാടികൾ, മറ്റു യോഗങ്ങൾ എന്നിവ പൂർണ്ണമായും ഹരിത ചട്ടം അനുസരിച്ചാണ് നടത്തി വരുന്നത്. കേരള സർക്കാർ 2020 ജനുവരി 1 മുതൽ പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കിയതിന്റെ ഭാഗമായി പ്രസ്തുത പ്രവർത്തനത്തിൽ പങ്കാളികളാകുവാനും നിരോധനം ഫലപ്രദമായി നടപ്പിൽ വരുത്തുവാനും ശ്രദ്ധ ചെലുത്തിവരുന്നു.

സംസ്ഥാനത്തെ സമ്പൂർണ്ണമായി മാലിന്യ വിമുക്തമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേരള സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണ് മാലിന്യ വിമുക്ത നവകേരളം. പൊതു ഇടങ്ങളെവലിച്ചെറിയൽ വിമുക്ത കേന്ദ്രങ്ങളാക്കി മാറ്റികൊണ്ടും ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നത് ഉറപ്പാക്കി കൊണ്ടും അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഹരിതകർമ്മ സേനയെ ശാക്തീകരിച്ചുകൊണ്ടും നവകേരളം പടുത്തുയർത്തുന്നതിന് സർക്കാർ നടത്തുന്ന നടപടികൾക്ക് എല്ലാ തരത്തിലും പിന്തുണ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യമാക്കുന്നത്. ജൈവ മാലിന്യ ഉറവിടത്തിൽ തന്നെ സംസ്കരിക്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാൻറ് 2022-23 പദ്ധതിയിലുൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് പരിസരത്തും 2023-24 പദ്ധതിയിലുൾപ്പെടുത്തി സി.എച്ച്.സി. യിലും സ്ഥാപിച്ചു കഴിഞ്ഞു. കൂടാതെ വിട്ടുകിട്ടിയ സ്ഥാപനങ്ങളിലും ഇത്തരത്തിലുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ട്.

# അദ്ധ്യായം- 4
# വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

| വികസന മേഖലകൾ | ലക്ഷ്യം | തന്ത്രം |
|---|---|---|
| **1.കൃഷി**<br>ഹരിത കേരള മിഷന്റെ ജൈവകൃഷി, മണ്ണ് സംരക്ഷണം, ജലസംരക്ഷണം. എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നു. ഉല്പാദന ക്ഷമത, വിള വിസ്തൃതി വർദ്ധി പ്പിക്കൽ-ഭക്ഷ്യ സുരക്ഷ ഉറപ്പ വരുത്തൽ. | കാർഷിക മേഖലയിലേക്ക് കൂടുതൽ ജനങ്ങളെ ആകർഷിക്കുക. കൃഷി ലാഭകരമാക്കുക. വിത്ത് വളം കൂലി ചിലവ് ധന സഹായ മായി നൽകുക. | ബ്ലോക്ക് പഞ്ചായത്ത് പരിധിയി ലുള്ള തരിശു ഭൂമികൾ ഉപയുക്ത മാക്കുക. ഒരു പൂവ് നിലങ്ങൾ ഇരുപ്പൂവാക്കുക. MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി തരിശ് ഭൂമി അനുയോജ്യമാക്കുക. കൃഷിയ്ക്ക് തോടുകൾ, കനാലുകൾ വൃത്തിയാക്കി നീരൊഴുക്ക് വർദ്ധിപ്പിക്കുക, കുള ങ്ങളും കിണറുകളും നിർമ്മിക്കുക, ലേബർ ബാങ്ക് രൂപീകരിച്ച പരി ശീലനം തൊഴിലാളികളെ നൽകിയ ഉപയോഗപ്പെടുത്തുക. |
| **2.ക്ഷീരവികസനം**<br>പാൽ ഉല്പാദനം, മൃഗ സമ്പത്ത് വർദ്ധിപ്പിക്കുക, ഹൈടെക് തൊഴുത്ത് നൂതന പശു പരിപാലനം. | മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ കർഷകർക്ക് പ്രോത്സാ ഹനം നൽകുക. പാൽ ഉല്പാദനം ലാഭകര മാക്കുക. കൂടുതൽ ക്ഷീര സംഘങ്ങൾ രൂപീകരണം. | പാൽ സംഭരിക്കുന്നതിനും, വിപ ണനം നടത്തുന്നതിനും കൂടുതൽ ക്ഷീരസംഘങ്ങൾ രൂപീകരിക്കുന്ന തിനും ധനസഹായം നൽകൽ. കെട്ടിടങ്ങൾ നിർമ്മിക്കുക, വനിത ഗ്രൂപ്പുകൾ വഴി തീറ്റപ്പുൽകൃഷി ചെയ്യുക, ചാണകം ഉണക്കി പൊടിച്ച് പാക്കറ്റുകളാക്കി വിൽക്കുക, ക്ഷീര കർഷകർക്ക് പരിശീലനം, ബോധ വൽക്കരണം നൽകുക, ആട്, കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക. |
| **3.ആരോഗ്യം**<br>ആർദ്രം മിഷന്റെ പരിപാടികളിലൂടെ മാനസിക ശാരീരിക ആരോഗ്യമുള്ള സമൂഹം കെട്ടിപ്പടുക്കുക. | സി എച്ച് സി മുല്ലശ്ശേരി സഹായത്തോടെ വായു ജല കൊതുക ജന്യ യുടെ രോഗങ്ങൾ കുറയ്ക്കുക .പൊതു ജനങ്ങളെ പൊതു ആരോഗ്യ കേന്ദ്രങ്ങളിലേക്ക് എത്തി ക്കുക സി എച്ച് സി മുല്ലശ്ശേരി ഹൈടെക് സെന്റർ ആക്കി മാറ്റുക | സി എച്ച് സി മുല്ലശ്ശേരിയിലെ സൗകര്യങ്ങൾ വൃദ്ധർക്കും ശിശു പ്രത്യേകം അടിസ്ഥാന വർദ്ധിപ്പിക്കുക, ക്കൾക്കും വേണ്ടി സൗകര്യങ്ങൾ ഏർപ്പെടുത്തുക എക്സ്റേ, സ്കാനർ ലാബിൽ ഓട്ടോ അനലൈസർ സ്ഥാപിക്കുക. വൃദ്ധർക്ക് വേണ്ടി റാംപ് റെയിൽ നേത്ര പരിശോധന ക്യാമ്പ്, വിതരണം, പാലിയേറ്റീവ് പരിചരണം, ഗൈനക്കോളജി, ഫിസിയോ തെറാപ്പി, കാർഡിയോളജി, യൂറോളജി വിഭാഗങ്ങൾ പ്രാവർത്തികമാക്കുക. രോഗനിർണയ ക്യാമ്പുകൾ, ഡിമെൻഷ്യ ക്ലിനിക്കുകൾ സംഘടിപ്പിക്കുക |
| **4.കുടിവെള്ളം**<br>കുടിവെള്ളം ഉറപ്പാക്കുക. സാംക്രമിക രോഗങ്ങളെ ലഘൂകരിക്കുക. ജൈവ ഖര മാലിന്യങ്ങളുടെ നിർമ്മാർജ്ജം സമ്പൂർണ്ണ ശുചിത്വം കൈവരിക്കൽ | ശുചിത്വ ബോധവൽക്കരണം കുടിവെള്ള പരിഹരിക്കൽ ക്ഷാമം | MGNREGS ഉൾപ്പെടുത്തി കമ്പോസ്റ്റ് പിറ്റ് നിർമ്മിച്ച് ജൈവ മാലിന്യങ്ങളെ സംസ്കരിച്ച് ജൈവ വളങ്ങൾ ആക്കി കൃഷിയ്ക്ക് ഉപയുക്തമാക്കുക. മഴവെള്ള സംഭരണികൾ നിർമ്മിച്ച് കിണർ റീചാർജ്ജിംഗ്, മഴക്കുഴികൾ, ങ്ങൾ, തുറന്ന കിണർ നിർമ്മിക്കുക. ശൗചാലയം നിർമ്മിച്ചു കൊടുക്കുക. പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണം, കനാലുകളും, തോടു കളും വൃത്തിയാക്കൽ, KLDC പോലെയുള്ള ജലസ്രോതസ്സുകളുടെ പരിസരത്ത് ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുക. കളിമൺ ഖനനം, കരിങ്കൽ ക്വാറി എന്നിവയിലൂടെ രൂപപ്പെട്ടിട്ടുള്ള കുഴികളെ തടാകങ്ങൾ ആക്കി (എളവള്ളി, പെരുവല്ലൂർ) മഴവെള്ളം സംഭരിച്ച് വിതരണം ചെയ്യുക. മുളഞ്ചേരി കുളം കുടിവെള്ള പദ്ധതി പഞ്ചായത്തിൻറെ സഹായത്തോടെ നടപ്പിലാക്കുക |
| **5.ദാരിദ്ര്യ ലഘൂകരണം**<br>സമ്പൂർണ്ണ പാർപ്പിട പദ്ധതിയ്ക്ക് (ലൈഫ് ) ലക്ഷ്യം കൈവരിക്കൽ. | എല്ലാവർക്കും സ്വന്തമായി വീട്, സ്വയം പര്യാപ്തത ഭവന പദ്ധതിയും പദ്ധതികളുമായി സംയോ ജിപ്പിച്ച് ശൗചാലയം, | പി. എം. എ. വൈ. പദ്ധതിയിലൂടെ ഭവന രഹിതരായ എല്ലാ വർക്കും ഭവനം നിർമ്മിച്ചു കൊടുക്കുക, ആയതിനോടൊപ്പം ശൗചാലയം. ഗ്യാസ് കണക്ഷൻ, കുടിവെള്ളം വനിത എന്നിവ ഉറപ്പുവരുത്തുക. ഗ്രൂപ്പുകൾ രൂപീകരിച്ച് ബാങ്ക് വായ് |

| | | |
|---|---|---|
| | കുടിവെള്ളം, ഗ്യാസ് കണക്ഷൻ, മറ്റ് ജീവനോ പാധികൾ സ്വയം സംരംഭങ്ങളെ ലഭ്യമാക്കുക. തൊഴിൽ പ്രോത്സാ ഹിപ്പിക്കൽ. | പയുമായി ബന്ധ പ്പെടുത്തി സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിക്കുക. പരിശീലനം നൽകുക. |
| 6.**സാമൂഹ്യനീതി** ശിശുക്കൾ, വൃദ്ധർ, ഭിന്ന ലിംഗക്കാർ വിവാഹ മോചിതർ എന്നിവർക്ക് സമഗ്രവികസനം-ബാല സൗഹൃദ വിദ്യാഭ്യാസം, ശിശു - വയോജന സൗഹൃദ സമൂഹം. | വയോജനങ്ങൾ, കുട്ടികൾ. ഭിന്ന ശേഷിക്കാർ, ട്രാൻസ് ജെൻഡർ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതർ എന്നിവരുടെ ക്ഷേമം സാമൂഹിക പരിരക്ഷ ഉറപ്പവരുത്തുക. | ബ്ലോക്ക് തലത്തിൽ പകൽ വീടുകൾ, വയോജന ക്ലബ്ബുകൾ സ്ഥാപിക്കുക, പൊതുസ്ഥാപനങ്ങൾ വയോജന സൗഹൃദമായിരിക്കണം. (റാംപ് റെയിൽ, ടോയ് ലെറ്റ് എന്നിവയുടെ നിർമ്മാണം) അങ്കണ വാടികൾക്ക് സ്വന്തം സ്ഥലം കെട്ടിടം - തൊഴിൽ മേഖലയിൽ സംവരണം, പരിശീലനം - സാമ്പത്തിക സഹായം- ഭിന്നശേഷിക്കാർക്കും. വയോ ജനങ്ങൾക്കായി മൊബൈൽ ഫിസി യോതെറാപ്പി യൂണിറ്റ് ബ്ലോക്ക്തലത്തിൽ സ്ഥാപിക്കുക. ഉപകരണ ആവശ്യകത നിർണ്ണയ ക്യാമ്പ് അനുയോജ്യമായ തൊഴിൽ പരിശീലനം. |
| 7.**പട്ടികജാതി** പട്ടികജാതി വിഭാഗക്കാരുടെ സമഗ്ര വികസനം - തൊഴിൽ, കുടിവെള്ളം, കോളനികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. അടിസ്ഥാന സൌകര്യങ്ങൾ വർദ്ധിപ്പിക്കുക | പട്ടികജാതി വിഭാഗങ്ങൾ ക്കായി പിന്നോക്കാവസ്ഥ ഇല്ലാതാക്കുക. മുഖ്യധാര ജനവിഭാഗത്തിനൊപ്പം എത്തിക്കുക. | ബ്ലോക്ക് പരിധിയിലുള്ള പട്ടിക ജാതി കോളനികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക. 7 തീര ദേശ വാർഡുകളിലെ കുടിവെള്ള ക്ഷാമം വെള്ളക്കെട്ട് പരിഹരിക്കുക. പ്രദേശങ്ങളായ മുപ്പട്ടിതറ, പണ്ടാര മാട് എന്നീ കോളിനികളുടെ വികസനം വിദ്യാഭ്യാസ ത്തിനായി സ്കോളർഷിപ്പ് വിദേശത്ത് തൊഴിൽ തേടുന്നവർക്ക് ധനസഹായം. |
| 8. **വനിത വികസനം** സ്ത്രീശാക്തീകരണം, സ്വയം രക്ഷ, സ്വയം പ്രതിരോധം സൗഹൃദ തൊഴിലിടങ്ങൾ. | വനിതക്ഷേമംഉറപ്പവരുത്തു ക. വനിത പ്രാതിനിധ്യം, ഭിന്നശേഷിക്കാർ, അവി വിവാഹിതരായ അമ്മമാർ വിധവകൾ എന്നിവരുടെ ഉറപ്പവരുത്തുക. | അനുയോജ്യമായ മേഖലയിൽ തൊഴിൽ പരിശീലനം, പീഢന ങ്ങൾക്കും, അക്രമങ്ങൾക്കും ഇരയാകു ന്നവർക്കും സ്നേഹിത പദ്ധതി, നിർഭയ സെല്ലുകൾ ശക്തി പ്പെടുത്തുക, സ്ത്രീ സൗഹൃദ സാധ്യമാക്കുക. തൊഴിലി ടങ്ങൾ സാധ്യമാക്കുക. |
| 9.**പ്രാദേശിക സാമ്പത്തിക വികസനം** വ്യവസായിക എസ്റ്റേറ്റ് സ്ഥാപിക്കൽ, ചെറുകിട സൂക്ഷമ പ്രോത്സാഹി പ്പിക്കുക. | സംരംഭകത്വ നൈപുണ്യ വിക സനം സംരംഭങ്ങൾ ആരംഭിക്കു ന്നതിനുള്ള പ്രായോഗിക ബുദ്ധി മുട്ടുകൾ ഒഴിവാക്കുക. സ്വയം തൊഴിൽ സംരംഭകരെ പ്രോത്സാ ഹിപ്പിക്കുക. | ഗ്രൂപ്പുകൾക്ക് സംരംഭകത്വ നൈ പുണ്യ വികസന ബോധവൽക്കരണം പരിശീലനം പ്രാദേശിക തലത്തിൽ ലഭ്യമാകുന്ന കാർഷികോല്പന്നങ്ങൾ ഉപയോഗപ്പെടുത്തി മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം- ഉല്പന്ന ങ്ങൾക്ക് ഗുണമേന്മ സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ ഉല്പന്നങ്ങളെ കുട ക്കീഴിൽ കൊണ്ടുവന്ന് ബ്രാന്റിംഗ് നടത്തുക. |
| 10. **പൊതുമരാമത്ത്** കാർഷിക-സേവന-പശ്ചാത്തല മേഖലകളുടെ വികസനത്തിന് വികസനം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ. | കനാലുകൾ, കലുങ്കുകൾ, കെട്ടിടങ്ങൾ, കാനകൾ കുടിവെള്ള പദ്ധതികൾ. റോഡുകൾ, നിർമ്മാണവും പുനരുദ്ധാരണവും | കാർഷികമേഖല വികസനത്തിന് വെങ്കിടങ്ങ്, മുല്ലശ്ശേരി, എളവള്ളി പഞ്ചായ ത്തുകളിൽ ഫാം റോഡുകൾ, കലുങ്കുകൾ കാടച്ചാൽ എന്നിവയുടെ നിർമ്മാണം മെയിൻറനൻസ് ഫണ്ട് ഉപയോഗപ്പെടുത്തി വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം നടത്തി അടിസ്ഥാന സൗകര്യങ്ങൾ റോഡുകളിലെ ഉറപ്പവരുത്തണം. വെള്ള കെട്ടുകൾ ഒഴിവാക്കുന്നതിന് കാനകൾ നിർമ്മിക്കുക. കുടിവെള്ള ക്ഷാമം പരിഹരി ക്കുന്നതിന് ബ്ലോക്ക് കോമ്പൗണ്ടിൽ മഴവെള്ള സംഭരണിപുനരുദ്ധാരണം- CHC മുല്ലശ്ശേരിയിൽ |

| | | |
|---|---|---|
| | | മഴവെള്ള സംഭരണി സ്ഥാപിക്കുക. വാട്ടർ പ്യൂരിഫിക്കേഷൻ പ്ലാൻറ് MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി മാലിന്യങ്ങളും, തോടുകളും, ചാലുകളും നിർമ്മിക്കുക. വൃത്തിയാക്കുക, കുളങ്ങൾ, കിണർ എന്നിവയുടെ നിർമ്മാണം. |
| 11.**വിദ്യാഭ്യാസം കല-സംസ്കാരം യുവജനക്ഷേമം-സാക്ഷരത** വിദ്യാഭ്യാസ മേഖലയെ പിന്നോക്ക പരിപോഷിപ്പിക്കുക. പിന്നോക്ക വിഭാഗക്കാരെ എഡ്യൂക്കേഷൻ ഫെസിലിറ്റേഷൻ സെൻററിലൂടെ പരിഹാര ബോധനം നടത്തി മുഖ്യധാരയിലെത്തിക്കുക | അനൌപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളായി വികസന വിദ്യാ കേന്ദ്രങ്ങളുടെ അടിസ്ഥാന വികസനം യുവജനങ്ങളുടെ കലാ-കായിക വികസനം. | തുല്യത പരീക്ഷകൾക്ക് ധന സഹായം നൽകുക. വികാസ് വിദ്യാ കേന്ദ്രങ്ങൾക്ക് കെട്ടിടം, സാക്ഷരത മിഷന്റെ പുസ്തകങ്ങൾക്ക് വില നൽകൽ. ഫീസ് നൽകൽ, പഠി താക്കളെ ആദരിക്കൽ കലാ കാരന്മാരെ കണ്ടെത്തി ആദരിക്കൽ, ജനറൽ പർപ്പസ് ഗ്രാൻറിൽ നിന്നും തുക കണ്ടെത്താം. യുവജനങ്ങൾക്കു വേണ്ടി എല്ലാവർഷവും കേരളോത്സവം നടത്തി വരുന്നു. |
| 12.**പൊതുഭരണം** പൊതുഭരണങ്ങൾക്ക് ലഭ്യമാ ക്കുന്നതിലേക്കായി ഭൗതിക സൗക ര്യങ്ങൾ വർദ്ധിപ്പിക്കുക. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റി ന്റെ ISO സർട്ടിഫിക്കറ്റ് ലഭ്യമാക്കുക. പ്ലാസ്റ്റിക് ഖരമാലിന്യ വിമുക്ത ബ്ലോക്ക്. | ഇ-ഗവേണൻസ്, സദ്ഭരണം എന്നിവ ഉറപ്പ വരുത്തുക. | വിവരവകാശ നിയമം. സേവനാവകാശ നിയമം, എന്നിവയെ ആധാരമാക്കി ബ്ലോക്ക് പഞ്ചായത്തിൽ ബോർഡുകൾ സ്ഥാപിക്കുക. ഫയലുകൾ സൂക്ഷിക്കുന്നതിന് റെക്കോർഡ് റൂം, പരാതി പരിഹാരസെല്ല് രൂപീകരിക്കുക. ഫയലുകളുടെ തീർപ്പ കൽപ്പിക്കൽ, 63003 വർഷത്തിനകം MGNREGS വഴി മഴവെള്ള സംഭരണി അറ്റകുറ്റ പണി നടത്തി കിണർ റീചാർജ്ജിംഗ്, മഴക്കുഴി നിർമ്മാണം. |

.

# അദ്ധ്യായം- 5

# വിഭവസ്രോതസ്സുകളും വകയിരുത്തലുകളും

# 2026-27 വാർഷിക പദ്ധതി

# പ്രതീക്ഷിത വിഭവ സ്രോതസ്സും വകയിരുത്തലുകളും

| ക്രമ നം. | വിഭവ സ്രോതസ്സ് | വകയിരുത്തുന്ന തുക |
|---|---|---|
| 1 | സാധാരണ വിഹിതം | 24527000 |
| 2 | പട്ടികജാതി ഉപപദ്ധതി | 8521000 |
| 3 | തനത് ഫണ്ട് | 3000000 |
| 4 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 10436000 |
| 5 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് അവാർഡ് (അടിസ്ഥാന ഗ്രാന്റ്) | 2562000 |
| 6 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് അവാർഡ് (പ്രത്യേക ഉദ്ദേശ ഗ്രാന്റ്) | 3844000 |
| 7 | ഗ്രാമപഞ്ചായത്ത് വിഹിതം | 2500000 |
| 8 | ജില്ലാപഞ്ചായത്ത് വിഹിതം | 3500000 |
| | **ആകെ** | **58890000** |

**നിർബന്ധമായി വകയിരുത്തേണ്ട വിഭാഗങ്ങൾക്കുള്ള/ പരിപാടികൾക്കുള്ള വകയിരുത്തലുകൾ**

| ക്രമ നം. | നിർബന്ധമായി വകയിരുത്തേണ്ട വിഭാഗങ്ങൾക്കുള്ള/ പരിപാടിയുടെ പേര് | വകയിരുത്തേണ്ട തുക |
|---|---|---|
| | ഉൽപാദന മേഖല | 5886480 |
| | പാർപ്പിട മേഖല | 7704200 |
| | വനിത ഘടക പദ്ധതി | 3075000 |
| | കുട്ടികൾ | 3900000 |
| | വയോജനങ്ങളും പാലിയേറ്റീവ് കെയറും | 2000000 |
| | പശ്ചാത്തല മേഖല | 4500000 |

# അദ്ധ്യായം - 6

# 2026-27 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികൾ

# അദ്ധ്യായം -7
# പ്രത്യേക പദ്ധതികൾ/പരിപാടികൾ

**2026-27 വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും വിവിധ മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തേണ്ട കുറഞ്ഞ തുകയും പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ തുകയും**

| ക്രമ നം. | പ്രത്യേക പദ്ധതിമേഖല / | വകയിരുത്തേണ്ട കുറഞ്ഞ തുക |
|---|---|---|
| 1 | **പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും മേഖലാ** വിഭജനത്തിന് ലഭ്യമാകുന്ന തുക നിന്നും ലൈഫ് ഭവനപദ്ധതിക്ക്)20% തുക കഴിച്ച് ബാക്കിയുള്ള തുക( | 1,79,17,400 |
| എ | **വിവിധ മേഖലകൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക** | |
| 2 | ഉല്പാദന മേഖല )30%) | 58,86,480 |
| 3 | ശുചിത്വം മാലിന്യസംസ്കരണം )15-ാം ധനകാര്യ കമ്മീഷൻ( | 19,22,000 |
| 4 | ജലസംരക്ഷണം )15-ാം ധനകാര്യ കമ്മീഷൻ( | 19,22,000 |
| ബി | **പ്രത്യേക പദ്ധതികൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക** | |
| 5 | പാർപ്പിട മേഖല )20%) | 6609600 |
| 6 | പാർപ്പിട മേഖലയ്ക്ക് പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക | 4905400 |
| 7 | വനിതാഘടക പദ്ധതി )10%) | 2814260 |
| 8 | കുട്ടികൾ ഭിന്നശേഷിയുള്ളവർ എന്നിവർക്കുവേണ്ടിയുള്ള പദ്ധതി )5%) ഭിന്നലിംഗക്കാർ | 1407130 |
| 9 | വയോജനങ്ങൾക്ക് വേണ്ടിയുള്ള പദ്ധതി )5%) | 1407130 |
| സി | **പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ തുക** | |
| 10 | ജനറൽ സാധാരണ വിഹിതം | 4905400 |
| 11 | പട്ടികജാതി ഉപപദ്ധതി | 2556300 |
| 12 | പട്ടികവർഗ്ഗ ഉപപദ്ധതി | 0 |
| **അനിവാര്യ പദ്ധതികൾക്ക് ഫണ്ടിൽ നിന്നുളളള വകയിരുത്തൽ** | | |
| 1 | ദ്വിതീയ പാലിയേറ്റീവ് പരിചരണം | 4,00,000 |
| 2 | സിഎച്ച്സി മുല്ലശ്ശേരിയിലേക്ക് രാത്രികാല ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കൽ | 329320 |
| 3 | ഐ കെ എം നള്ള വിഹിതം നൽകൽ | 50000 |
| 4 | സിഎച്ച്സി മുല്ലശ്ശേരിയിലേക്കാവശ്യമായ മരുന്ന് വാങ്ങൽ | 1000000 |
| 5 | അതിദരിദ്രരുടെ മൈക്രോപ്ലാൻ പ്രകാരമുള്ള പദ്ധതികൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 200000 |
| 6 | അനുപൂരക പോഷകാഹാര പദ്ധതി - മുല്ലശ്ശേരി ബ്ലോക്കിലെ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 400000 |

# അദ്ധ്യായം-8

# വായ്പ ബന്ധങ്ങൾ

വികസന പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ അനുവദിക്കുന്ന വികസന ഫണ്ടിനു പുറമേ ബ്ലോക്ക് പഞ്ചായത്തിന്റെ അതിർത്തിയിലുള്ള സഹകരണ ബാങ്കുകളിൽ നിന്നും, ദേശസാൽകൃത ബാങ്കുകളിൽ നിന്നും വായ്പ എടുക്കാവുന്നതാണ്. സംസ്ഥാന സർക്കാരിന്റെ പ്രന്തണ്ടിന പരിപാടിയിലെ ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം പ്രകാരം വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് വാർഷിക പദ്ധതിയിൽ വായ്പാ ബന്ധിത പ്രജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന് സബ്സിഡി ഇനത്തിൽ 10 ലക്ഷം രൂപയോളം വകയിരുത്തിയിട്ടുണ്ട്.

# അദ്ധ്യായം–9

# സമഗ്ര പരിപാടികളും സംയോജന സാധ്യതകളും

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന ഭവന നിർമ്മാണ പദ്ധത യിൽ കേന്ദ്രവിഹിതത്തോട് കൂടി ബ്ലോക്ക് പഞ്ചായത്ത്. ജില്ലാ പഞ്ചായത്ത്. ഗ്രാമപഞ്ചായത്ത് എന്നീ ത്രിതല പഞ്ചായത്തുകളിൽ നിന്നുള്ള വിഹിതവും സംയോജിപ്പിച്ചാണ് നടപ്പാക്കുന്നത്. കൂടാതെ പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കളേയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടുപണിയുന്നതിന് 90 ദിവസത്തെ തൊഴിൽ ദിനങ്ങൾ നൽകുന്നു. അവർക്ക് ആവശ്യമായ ശൗചാലയം. സോക്ക് പിറ്റ് കമ്പോസ്റ്റ് പിറ്റ് ജൈവവേലി. കിണർ. പശുവളർത്തലിന് തൊഴുത്ത്, ആട്ടിൻകൂട് കോഴിക്കൂട് നിർമ്മാണം എന്നീ സഹായങ്ങളും പദ്ധതിയിലുള്ള ചെയ്തു വരുന്നു.

2017–18 മുതൽ നടപ്പിലാക്കി വരുന്ന ലൈഫ് മിഷൻ ഭവന പദ്ധതിയും ഇത്തരത്തിൽ സംയോജിപ്പിച്ച് നടപ്പിലാക്കിവരുന്നു.

കാർഷിക മേഖലയിൽ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് ഏറ്റെടുക്കുന്ന പദ്ധതികൾ കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി, മഹിളാ കിസാൻ സശാക്തീകരൺ പരിയോജന തുടങ്ങിയവയുമായി സംയോജിപ്പിച്ച് നടപ്പാക്കാവുന്നതാണ്.ഇതിൽ ത്രിതല പഞ്ചായത്തുകൾക്ക് മുഖ്യപങ്കാണ് വഹിക്കാനുള്ളത്. ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കുവാൻ കഴിയാത്ത കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തുകളുമായി സംയോജിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്. ആശ്രയ ക്ഷീര കർഷകർ ക്കുള്ള പാലിന് സബ്സിഡി, നെൽകൃഷി പച്ചക്കറി കൃഷിക്ക് കൂലി ചെലവ് സബ്സിഡി. വൃദ്ധർ, കുട്ടികൾ, ഭിന്നശേഷിക്കാർ എന്നീ വിഭാഗങ്ങൾക്കുള്ള പദ്ധതികൾ, ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പദ്ധതികൾ എന്നിവ ഗ്രാമപഞ്ചായത്തുകളുമായി സംയോജിപ്പിച്ച് നടപ്പിലാക്കിവരുന്നു.

ജില്ലാ പഞ്ചായത്തുമായി സംയോജിപ്പിച്ച് കാൻ തൃശൂർ, സമേതം, എ ബി സി തുടങ്ങിയ പദ്ധതികളും നിർവ്വഹണം നടത്തി വരുന്നുണ്ട്. ഇതു കൂടാതെ ഇതര വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനവും ഉറപ്പ വരുത്തേതുണ്ട്. ഇങ്ങനെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിൽ വരുത്തുമ്പോൾ മാത്രമേ സമഗ്ര വികസനം എന്ന ലക്ഷ്യം ഫലപ്രാപ്തി യിൽ എത്തുകയുള്ളു.

# അദ്ധ്യായം-10

# മോണിട്ടറിംഗ്

ആസൂത്രണവും നിർവ്വഹണവും നടക്കുന്ന തരുന്ന പ്രാധാന്യം മോണിട്ടറിംഗിനും നൽകേതുണ്ട്. സമയബന്ധിതമായി തന്നെ നിർവ്വഹണം നടക്കുമെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നിർവ്വഹണം ആരംഭിക്കുന്നതു മുതൽ ഓരോ മാസത്തിലും നടക്കുന്ന അവലോകന യോഗങ്ങളും മോണിട്ടറിംഗിന്റെ പരിധയിൽ ഉൾപ്പെടുന്നു. ആരംഭത്തിലും അവസാനത്തിലും മാത്രമല്ല, ഇടക്കാലങ്ങളിലും പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുകയും പദ്ധതി തുക ശരിയായ രീതിയിൽ ചെലഴിക്കപ്പെടുന്നുന്ന് ഉറപ്പ് വരുത്തുകയും ചെയ്യണം. ഇതിനായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളിലെ അംഗങ്ങൾ അവരുടെ വർക്കിംഗ് ഗ്രൂപ്പുമായി ബന്ധപ്പെട്ട പദ്ധതികളുടെ മോണിട്ടറിംഗ് കമ്മിറ്റിയായി പ്രവർത്തിക്കണം

**വർക്കിംഗ് ഗ്രൂപ്പ് 2026-27**

1. പൊതുഭരണവും ധനകാര്യവും

2. കൃഷി

3. മൃഗസംരക്ഷണവും ക്ഷീരവികസനവും

4. പ്രാദേശിക സാമ്പത്തിക വികസനം

5. പൊതുമരാമത്ത്

6. ദാരിദ്ര്യ ലഘൂകരണം

7. സാമൂഹ്യനീതി

8. പട്ടികജാതി വികസനം / പട്ടികവർഗ്ഗ വികസനം

9. ജെന്ററും വികസനവും കുട്ടികളുടെ വികസനവും

10. ആരോഗ്യം - ഹോമിയോപതിയും ആയുർവേദവും

11. കുടിവെള്ളം ശുചിത്വം

12. വിദ്യാഭ്യാസം, കലാ സംസ്കാരം, യുവജനകാര്യം

13. ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം



ആസൂത്രിത വികസനത്തിലും ഭരണകാര്യങ്ങളിലും വർദ്ധിച്ച അളവിലുള്ള ജനപങ്കാളിത്തം ഉറപ്പ വരുത്തുന്നതിന്റെ ഭാഗമായി പുതിയ പ്രവർത്തന സാധ്യതകളും അവസരങ്ങളും ഉപയോഗപ്പെടുത്താൻ ഈ വാർഷിക പദ്ധതിയിലൂടെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പരമാവധി ശ്രമിച്ചിട്ടുണ്ട്സദ്ഭരണത്തി .ന്റെ ഭാഗമായി പുതിയ സാങ്കേതികവിദ്യ ഫലപ്രദമായും കാര്യക്ഷമമായും ഉപയോഗപ്പെടുത്തുന്നതിന് നമ്മൾ ആരംഭംകുറിച്ചിരിക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള നാലു പഞ്ചായത്തുകളും വൈവിധ്യമാർന്നതും ഭാവനാപൂർണ്ണവുമായ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനുള്ള പ്രാപ്തി ആർജ്ജിച്ചുകഴിഞ്ഞുവെങ്കിലും പുതിയ മേഖലകളിലേക്ക് കുതിക്കുന്നതിനാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സദാസന്നദ്ധമാണെന്ന് ഈ വികസനരേഖയിലൂടെ കാണാവുന്നതാണ് .

പൊതുവികസന ലക്ഷ്യങ്ങൾ മുൻനിർത്തിയും മറ്റ് സ്ഥാപനങ്ങൾ നടപ്പിലാക്കിയിട്ടുള്ള അനുകരണീയ മാതൃകകളെ അടിസ്ഥാനമാക്കിയുമാണ് ഈ വർഷത്തെ പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത് ,ഓരോ വികസന മേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ . പുതിയ പദ്ധതികളുടെ സാധ്യത എന്നിവ ,വെല്ലുവിളികൾ അവയ്ക്കുള്ള പ്രശ്ന പരിഹാരങ്ങൾ നമ്മുടെ ഈ വികസന രേഖയില്പ്രതിഫലിപ്പിക്കാ ൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് .

മുൻവർഷങ്ങളിലെ പ്രവർത്തനങ്ങൾക്ക് നൽകിയ ക്രിയാത്മക പിന്തുണക്ക് നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം പുതിയ പദ്ധതി പ്രവർത്തനങ്ങൾക്ക് ഏവരുടേയും പൂർണ്ണ പിന്തുണ ആത്മാർത്ഥമായി പ്രതീക്ഷിച്ചുകൊണ്ട്

സ്നേഹപൂർവ്വം

വിശ്വനാഥൻ കെബി.

സെക്രട്ടറി

മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്